# ജാമക്കാരൻ
# JAMAKKARAN


**VOLUME - 2 Reg NO.TNBIL/2016/70171 ISSUE - 3**

**MARCH 2018 TAMIL & MALAYALAM**

**ANNUAL SUBSCRIPTION - Rs.60/= FOREIGN - Rs.600/=**


**(ജാമക്കാരനിൽ) സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21) പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).**
**ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. (1 കൊരി:2:15) (ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല – കത്തോലിക്ക വേദപുസ്തകം).**


0427 - 2387499. E-mail : jamakaran@yahoo.com. Fax: 0427- 2386464. www.jamakaran.com




കർത്താവിൽ പ്രിയ വായനക്കാർക്ക്,

നിത്യം ജീവിക്കുന്ന യേശുക്രിസ്തുവിന്റെ നിസ്തുല്യനാമത്തിൽ സ്നേഹവന്ദനം. സ്കൂൾ, കോളേജ് വിദ്യാർത്ഥികളുടെ പരീക്ഷകൾക്കായി പ്രത്യേകം പ്രാർത്ഥിച്ചു. കഴിഞ്ഞ 3 വർഷങ്ങളായി പരീക്ഷ അടുക്കുമ്പോൾ പനി, തലവേദന, വയറ്റിളക്കം, വയറുവേദന തുടങ്ങി പല അസുഖങ്ങളാൽ ഭാരപ്പെട്ട അനേകം വിദ്യാർത്ഥികൾ കഴിഞ്ഞ സെമസ്റ്റർ പരീക്ഷയിൽ യാതൊരു പ്രശ്നങ്ങളും കൂടാതെ നന്നായി പരീക്ഷ എഴുതി എന്നറിഞ്ഞ് കർത്താവിൽ സന്തോഷിക്കുന്നു, സ്തുതിക്കുന്നു. പൊതുവേ പരീക്ഷ അടുക്കുമ്പോഴുണ്ടാകുന്ന മാനസിക സമ്മർദ്ദത്തിൽ നിന്നാണ് ഇമ്മാതിരി ശാരീരിക ബലഹീനതകൾ ഉണ്ടാകുന്നത്. ഈ ലക്ഷണങ്ങൾ രോഗങ്ങളല്ല; മാനസിക പിരിമുറുക്കത്തിന്റെ അടയാളങ്ങാണ്. കഴിഞ്ഞ മാസം നടന്ന എന്റെ എല്ലാ യോഗങ്ങളും വളരെ അനുഗ്രഹപ്രദമായിരുന്നു. ദൈവനാമം മഹത്വപെടട്ടെ!

ബാങ്കുവഴി ട്രാൻസ്ഫർ ചെയ്ത സാമ്പത്തിക നന്മകൾ ലഭിച്ചു. അയച്ച എല്ലാവർക്കും കർത്തൃനാമത്തിൽ നന്ദി. മണി ട്രാൻസ്ഫർ ചെയ്ത ഉടൻ അയച്ച തുക, നിങ്ങളുടെ ഫോൺ / മൊബൈൽ നമ്പർ എന്നിവയോടുകൂടിയ മെയിൽ അയച്ച് അറിയിക്കണം. എങ്കിൽ മറുപടി അയക്കാൻ സഹായകരമായിരിക്കും. ദൈവം നമ്മെ ഏവരെയും സഹായിക്കുമാറാകട്ടെ!


കർത്തൃസേവയിൽ

**Dr. പുഷ്പരാജ്**

ജാമക്കാരൻ JAMAKKARAN

# MARCH 2018

# Dr. ബില്ലിഗ്രഹാം അവർകൾ കർത്താവിൽ നിദ്രപ്രാപിച്ചു



ലോകപ്രസിദ്ധ സത്യസുവിശേഷകനായ Dr. ബില്ലിഗ്രഹാം ഈ ലോകത്തിലെ തന്റെ വേലകളെ തികച്ച്, ഓട്ടം നന്നായി ഓടി, തന്റെ 99–ാംമത്തെ വയസ്സിൽ കർത്തൃസവിധം ചേർന്നു. വിശ്രമം എന്തെന്നറിയാതെ ശുശ്രൂഷിച്ച Dr. ബില്ലിഗ്രഹാമിനെ നൂറുവയസ്സ് തികയാൻ കഷ്ടിച്ച് നാളുകൾ കിടക്കവേ നിത്യവിശ്രമത്തിനായി അരുമനാഥൻ തന്റെ ഭവനത്തിലേയ്ക്ക് കൂട്ടിക്കൊണ്ടുപോയി.

തന്റെ ശുശ്രൂഷ തുടങ്ങിയ നാൾ മുതൽ അന്ത്യശ്വാസം നിലയ്ക്കുംവരെ വചനത്തിൽ നിന്ന് വ്യതിചലിക്കാതെ സത്യസുവിശേഷത്തിനായി (True Gospel) നിലനിന്ന അപൂർവ്വം ദൈവദാസന്മാരിൽ ഒരാളാണ്. **ലൈഫ് മാസിക**യുടെ കണക്കനുസരിച്ച് ലോകത്തിൽ ഇതുവരെ ഒരു വ്യക്തിക്കും (രാഷ്ട്രീയനേതാക്കൾക്കോ, രാഷ്ട്രനേതാക്കന്മാർക്കോ, നടീനടന്മാർക്കോ) ചേരാത്ത ഏറ്റവും വലിയ കൂട്ടം Dr. ബില്ലിഗ്രഹാമിന് കിട്ടി എന്ന് കണക്കുസഹിതം പ്രസിദ്ധീകരിച്ചിരിക്കുന്നു. ഇത് ഒരു ഗിന്നസ് റെക്കോർഡ് എന്നും അവർ എഴുതിയിരുന്നു.

ഇദ്ദേഹത്തിന്റെ ശുശ്രൂഷയുടെ ചില പ്രത്യേകതകൾ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നു.

* തന്റെ ഒരു യോഗത്തിലും “അത്ഭുത രോഗസൗഖ്യം” ലഭിച്ചു എന്ന അറിയിപ്പ് ഉണ്ടായിട്ടില്ല.
* എനിക്കു ഇന്ന ഇന്ന സൗഖ്യങ്ങൾ ഉണ്ടായി എന്ന് സാക്ഷ്യം പറയാൻ ആർക്കും അവരുടെ യോഗത്തിൽ അവസരം നല്കിയില്ല.
* അത്ഭുതസൗഖ്യങ്ങളുടെ നീണ്ടപട്ടിക അവരുടെ ഒരു മാസികയിലും പരസ്യം നല്കിയിട്ടില്ല.
* ജനങ്ങളെ മാസ്മരിക വലയത്തിലാക്കുന്ന വാഗ്ധോരണികൾ ഇല്ലായിരുന്നെങ്കിലും വചനം കേൾക്കാൻ ലോകം കണ്ടതിൽ വച്ച് ഏറ്റവും വലിയ കൂട്ടം ഇദ്ദേഹത്തിന്റെതായിരുന്നു.

**പെന്തകോസ്തു ശുശ്രൂഷകരുടെ ശ്രദ്ധയ്ക്ക് :** Dr. ബില്ലിഗ്രഹാം അവർകൾ

* പരിശുദ്ധാത്മാവിന്റെ നിറവിന് അടയാളം അന്യഭാഷ എന്ന് വിശ്വസിക്കുകയോ അന്യഭാഷ പറയുകയോ ചെയ്തിട്ടില്ല.
* ഒറ്റവ്യക്തിയെപ്പോലും തുള്ളിച്ചാട്ടം നടത്തിയിട്ടില്ല.

* ഒരിക്കൽപ്പോലും ആരെയും നിലത്ത് തള്ളിയിട്ടിട്ടില്ല.
* ആരെയും വിവസ്ത്രരാക്കിയിട്ടില്ല.
* വിശുദ്ധചിരി ഉണ്ടാക്കിയിട്ടില്ല.
* വിശുദ്ധചർദ്ദിൽ എന്ന പേരിലുള്ള വൈകൃതം കാട്ടിയിട്ടില്ല.

കഷ്ടിച്ച് അരമണിക്കൂർ മാത്രമേ ഏതൊരു യോഗത്തിലും പ്രസംഗിച്ചിട്ടുള്ളൂ. പക്ഷേ പ്രസംഗാനന്തരം നടത്തുന്ന പ്രാർത്ഥനയ്ക്കൊടുവിൽ ആയിരക്കണക്കിന് ആളുകൾ മാനസാന്തരവും അനുതാപത്തോടുംകൂടെ കർത്താവിനെ സ്വീകരിച്ചിരുന്നു. ഇദ്ദേഹത്തിന്റെ വചനങ്ങൾ കോടിക്കണക്കായ ജനങ്ങളെ മാനസാന്തരത്തിലേയ്ക്കും, രക്ഷയിലേക്കും മടങ്ങിവരവിലേയ്ക്കും വഴി നടത്തി. ഈ വചനങ്ങളിലൂടെ രോഗസൗഖ്യം ലഭിച്ച്, സാമ്പത്തിക അഭിവൃദ്ധി പ്രാപിച്ചു. തകർന്ന കുടുംബബന്ധങ്ങൾ ശരിയായ ആയിരക്കണക്കിന് സാക്ഷ്യങ്ങളുടെ പട്ടിക ഉണ്ട്. ഇവ പെരുക്കം കാണിക്കാനായി ആരെയും ഉപയോഗിച്ചിട്ടില്ല.

**മറ്റ് സവിശേഷതകൾ :**

* സാമ്പത്തിക വിഷയത്തിൽ 100% സുതാര്യത (transparancy) നിലനിർത്തി.
* ലൈംഗിക പാപത്തിന് അടിമയാകാതിരിക്കാൻ കൃപയിൽ ആശ്രയിച്ചു. പാപത്തെ വിട്ടോടി.

Dr.ബില്ലിഗ്രഹാമിന്റെയും കുടുംബാംഗങ്ങളുടെയും സാമ്പത്തിക, ലൈംഗിക ബലഹീനതകൾ ഉണ്ടെങ്കിൽ അതു കണ്ടുപിടിച്ച് പരസ്യപ്പെടുത്താൻ പല Private detective agencies പലരെയും നിയോഗിച്ചു. പക്ഷേ അത്ഭുതകൃപയിൽ ശരണപ്പെട്ട് ദൈവസേവ ചെയ്ത Dr. ബില്ലിഗ്രഹാമിനെതിരെ അപവാദം പരത്താൻ ഒരു കച്ചിത്തുരുമ്പും detective agencies ന് ലഭിച്ചില്ല.

കോട്ടയത്തിൽ Dr. ബില്ലിഗ്രഹാം പ്രസംഗിക്കുമ്പോൾ വേദിയിൽ എന്നോടൊപ്പമിരുന്ന ഒരു star സുവിശേഷ പ്രസംഗകൻ എന്നോടായി ഇങ്ങനെ പറഞ്ഞു; “ഒന്നുമില്ലാത്ത ഈ ഇരുപതു മിനിറ്റ് പ്രസംഗത്തിനാണോ ഇത്രയും വലിയ ജനക്കൂട്ടം! ഈയൊരു സാധാരണ പ്രസംഗത്തിനാണോ ഇത്രയും പേർ മാനസാന്തരപ്പെട്ട് മുന്നോട്ടു വന്നത്?” ഇങ്ങനെ എന്നോടു സംസാരിച്ച star പ്രസംഗകൻ മദിരാശിയിൽ നിന്ന് വന്ന വ്യക്തിയാണ്. star പ്രസംഗകൻ പറഞ്ഞതുപോലെ Dr. ബില്ലിഗ്രഹാമിന്റെ പ്രസംഗം വളരെ ലളിതമായിരുന്നു. പക്ഷേ, ഇദ്ദേഹത്തിൽ പരിവർത്തിച്ചുകൊണ്ടിരുന്ന പരിശുദ്ധരൂപിയുടെ ചൈതന്യവും, പഥ്യോപദേശത്തിലും സത്യസുവിശേഷത്തിലുള്ള വിട്ടുവീഴ്ചയില്ലായ്മയും, നിരന്തരം പ്രാർത്ഥനാ ജീവിതവും, ലളിതമായ ജീവിതശൈലിയും, പണത്തോട് ഒരു തരത്തിലുള്ള ആർത്തിയും അത്യാർത്തിയും ഇല്ലാത്ത ചിന്തയും; താഴ്മയുടെ മനസ്സും ആത്മാവും – വചനത്തെ ജീവനും ചൈതന്യവുമുള്ളതാക്കി മാറ്റി; വീര്യമുള്ള വിത്തുകളാക്കി, വചനം ചുറ്റികപോലെ ഹൃദയത്തെ തകർത്തു.

Dr. ബില്ലിഗ്രഹാമിനെ ഞാൻ ആദ്യമായി ഹോളണ്ട് ദേശത്തിൽ ദൈവവേലക്കാർക്ക് മാത്രമായി നടന്ന സെമിനാറിൽ അടുത്തിരുന്നു കണ്ടു. അടുത്തതായി അമേരിക്കയിൽ നടന്ന ഒരു വലിയ യോഗത്തിൽ ലക്ഷത്തിൽ ഒരുവനായി ഞാൻ ഒരു മൂലയിലിരുന്നു വചനം ശ്രദ്ധിച്ചു. അന്ന് മാനസാന്തരമായിരുന്നു പ്രസംഗവിഷയം. ആ പ്രസംഗത്തിൽ ഒരു ഉദാഹരണം പറഞ്ഞു:

തന്റെ ശുശ്രൂഷയുടെ ആദ്യനാളുകളിൽ ഒരിക്കൽ അമേരിക്കയിൽ തന്റെ കാറിൽ യാത്രചെയ്യുമ്പോൾ, ഹൈസ്പീഡ് ട്രാക്കിൽ slow speed ൽ ബില്ലിഗ്രഹാം കാറോടിച്ചു. ഇതുകണ്ട് പോലീസ് ബില്ലിഗ്രഹാമിന്റെ കാറിനെ തടയുകയും **മൊബൈൽ വെഹിക്കിൾ കോർട്ടിൽ** ജഡ്ജിനെ കണ്ട് പിഴയടക്കുവാനും നിർദ്ദേശിച്ചു. ഉടനെ തന്നെ അടുത്തുണ്ടായിരുന്ന മൊബൈൽ വെഹിക്കിൾ കോർട്ടിൽ ജഡ്ജിനെ കണ്ടു. തെറ്റ് ബില്ലിഗ്രഹാം സമ്മതിച്ചു. അടക്കേണ്ട പിഴക്കുള്ള രസീതും നല്കി. രസീതുമായി കൗണ്ടറിൽ എത്തിയപ്പോൾ താങ്കൾക്കുള്ള പിഴ അടയ്ക്കപ്പെട്ടിരിക്കുന്നു എന്ന് മറുപടി പറഞ്ഞ് രസീത് തിരികെ കൊടുത്തു. ആരാ ആ പിഴയടച്ചത്? എന്ന് ചോദിച്ചപ്പോൾ മൊബൈൽ വെഹിക്കിൾ കോർട്ട് ജഡ്ജ് തന്നെ പിഴയടച്ചു എന്ന മറുപടി കിട്ടി. എന്തിനാ ജഡ്ജ് എന്റെ പിഴയടച്ചത് എന്ന് തിരക്കിയപ്പോൾ അത് ജഡ്ജിനോടു തന്നെ ചോദിക്കാൻ പറഞ്ഞു. വീണ്ടും ചെന്ന് ജഡ്ജിനെ കണ്ടപ്പോൾ ഇരിക്കാൻ ആവശ്യപ്പെട്ട്, തന്റെ കുടുംബത്തിൽ നടന്ന സംഭവവും സന്തോഷവും ജഡ്ജ് വിവരിച്ചു. "ഒരു കാലത്ത് എന്റെ ഇളയമകൻ തോന്ന്യാവാസിയും, തന്റേടിയും, നിഷേധിയും, എല്ലാവർക്കും തലവേദന നല്കുന്നവനുമായിരുന്നു. അവനെയോർത്ത് ഞങ്ങൾ വളരെ ഭാരപ്പെട്ടു, വിഷമിച്ചു ഒപ്പം പ്രാർത്ഥിച്ചു. ഒരിക്കൽ ഇളയമകൻ താങ്കളുടെ യോഗത്തിൽ സംബന്ധിച്ചു. യോഗാവസാനം അവൻ കണ്ണുനീരോടു കൂടി കർത്താവിനെ സ്വീകരിച്ച് രക്ഷിക്കപ്പെട്ടു. അവന്റെ ജീവിതമാകെ മാറ്റി. ഇന്നവൻ ദൈവവേല ചെയ്യുവാനായി ഒരു ബൈബിൾ കോളേജിൽ പഠിച്ചുകൊണ്ടിരിക്കുന്നു. ദൈവം താങ്കളുടെ ദൈവവേല മുഖാന്തിരമായി ചെയ്ത ഈ വലിയ ഉപകാരത്തിന് പ്രത്യുപകാരമായി ദൈവത്തിന് നന്ദികരേറ്റും വിധം ദൈവനാമമഹത്വത്തിനായി താങ്കൾക്കുള്ള ഈ പിഴ ഞാനടച്ചത്. എന്റെ സ്നേഹം സദയം സ്വീകരിച്ചാലും എന്ന് സ്നേഹത്തോടെ നിർബന്ധിച്ചു."

പ്രസംഗത്തിൽ ഡോ.ബില്ലിഗ്രഹാം ഈ വിവരം പറഞ്ഞശേഷം എന്റെ ജീവിതത്തിൽ നടന്ന ഒരനുഭവം നിങ്ങൾ കേട്ടുവല്ലോ? അതുപോലെ ദൈവനിയമം തെറ്റിച്ച എന്റെയും നിങ്ങളുടെയും പാപത്തിന്റെ ശിക്ഷ (fine) സർവ്വലോകത്തിന്റെ ന്യായാധിപതിയായ കർത്താവായ യേശുക്രിസ്തു കാൽവറി ക്രൂശിൽ അടച്ചുതീർത്തു. ഈ ദൈവസ്നേഹത്തെ, കർത്താവിനെ ആരൊക്കെ സ്വീകരിക്കും എന്ന് പറഞ്ഞ് Altar call ചോദി

ച്ചപ്പോൾ കണ്ണുനീരോടുകൂടി അന്ന് അനേകം പേർ കർത്താവിനെ സ്വീകരിച്ചു. യോഗം അവസാനിച്ചു.

ബറാക് ഹുസൈൻ ഒബാമ ഒഴികെ അവസാനത്തെ ആറ് അമേരിക്കൻ പ്രസിഡന്റുമാരുടെയും ആത്മീയ ഉപദേഷ്ടാവായിരുന്നു Dr. ബില്ലിഗ്രഹാം. ഈ 6 അമേരിക്കൻ പ്രസിഡന്റുമാരും തങ്ങളുടെ സ്ഥാനാരോഹണത്തിനുമുമ്പായി ബില്ലിഗ്രഹാമിന്റെ പ്രാർത്ഥനയ്ക്കു ശേഷമാണ് പ്രസിഡന്റുമാരായി സത്യപ്രതിജ്ഞ ചെയ്തത്.

വചനം കൊണ്ടും പ്രവൃത്തികൊണ്ടും ദൈവത്തിന്റെ ഉത്തമദാസൻ എന്ന് ഏവർക്കും ബോധ്യമായതിനാലാണ് അമേരിക്കയിലെ പ്രസിഡന്റു മുതൽ സാധാരണ ജനം വരെ ഒന്നടങ്കം ഏവരും ഇദ്ദേഹത്തിന് ബഹുമാനവും ആദരവും നല്കിയത്. പ്രസിഡന്റ് ഒബാമ സത്യപ്രതിജ്ഞയ്ക്കു ശേഷം ആദ്യപരിപാടിയായി ബില്ലിഗ്രഹാമിനെ അവരുടെ വീട്ടിൽ ചെന്ന് കണ്ട ശേഷമാണ് തന്റെ ഔദ്യോഗിക പ്രവർത്തനങ്ങൾ ആരംഭിച്ചത്. ബില്ലിഗ്രഹാമിന്റെ ശവസംസ്കാര ശുശ്രൂഷയിൽ സംബന്ധിക്കാൻ ലോകം മുഴുവനുമുള്ള രാഷ്ട്ര, രാഷ്ട്രീയ, മത, സാമൂഹിക, ആത്മീയ മണ്ഡലങ്ങളിലെ നേതാക്കന്മാർ പങ്കെടുക്കാൻ പോകുന്നതായി വാർത്തകൾ വന്നുകൊണ്ടിരിക്കുന്നു. സത്യവചനത്തിനായി കഷ്ടതയോടെ ജീവിക്കുന്ന ലോകം മുഴുവനുമുള്ള ക്രിസ്ത്യാനികൾക്കു അഭിമാന മുഹൂർത്തമാണ് ഇത്. ബില്ലിഗ്രഹാമിന്റെ കുടുംബാംഗങ്ങൾക്കും അദ്ദേഹത്തിന്റെ ശുശ്രൂഷാ (Billigraham Evangelistic Association) സഹകാരികൾക്കുമായി പ്രാർത്ഥിക്കാം. തുടർന്നും വർദ്ധിതമായ ആത്മപ്രകാശത്തിൽ ദൈവവേല തുടരുവാൻ ദൈവം അവരെ സഹായിക്കട്ടെ! Dr. ബില്ലിഗ്രഹാമിനെയും അദ്ദേഹത്തിന്റെ ശുശ്രൂഷകളെയും ഓർത്ത് ജാമക്കാരൻ വായനക്കാരായ നിങ്ങളോടൊപ്പം ഞാനും ദൈവത്തെ സ്തുതിക്കുന്നു.

# E-Mail

ജാമക്കാരൻ മാസിക ആവശ്യപ്പെടുന്നവരും പ്രാർത്ഥനാ വിഷയങ്ങൾ എഴുതി അറിയിക്കുന്നവരും ബാങ്ക് വഴിയായി പണം അയയ്ക്കുന്നവരും തങ്ങളുടെ പൂർണ്ണ വിലാസത്തോടൊപ്പം ഫോൺ നമ്പരും കൂടി എഴുതി അയച്ച് സഹായിക്കണം. എങ്കിൽ ഉടനെതന്നെ മറുപടി അയയ്ക്കുവാൻ കഴിയും. നിങ്ങളുടെ വിലാസത്തിൽ മാറ്റമുണ്ടെങ്കിൽ പഴയവിലാസവും പുതിയ വിലാസവും എഴുതി അറിയിക്കണം.

# കായംകുളം (Ebenezer Hospital) ഡോ.ജോൺ അവർകൾ കർത്താവിൽ നിദ്രപ്രാപിച്ചു



മർത്തോമാ സഭാംഗവും, മറ്റുള്ളവർക്കായി പ്രാർത്ഥിക്കുന്ന പ്രാർത്ഥനാ മനുഷ്യനുമായ ഡോ.ജോൺ തന്റെ 89–ാംമത്തെ വയസ്സിൽ (ഡിസംബർ 2017) കർത്താവിൽ നിദ്രപ്രാപിച്ചു. ഡോ.ജോണും ഭാര്യയുമായി തന്റെ ഭവനത്തിൽ ആഴ്ചയിൽ ഒരു ദിവസം ഒരു പ്രാർത്ഥനാ യോഗം നടത്തിക്കൊണ്ടിരുന്നു. അനേകം കുടുംബങ്ങൾ പല സ്ഥലങ്ങളിൽ നിന്ന് സംബന്ധിക്കുകയും ആത്മീക നന്മകൾ പ്രാപിക്കുകയും ചെയ്തു. ഓരോ ആഴ്ചയിലും ഓരോ ദൈവദാസന്മാരെ ക്ഷണിച്ച് ഒരു മിനികൺവെൻഷൻ പോലെ ആ പ്രാർത്ഥനാ യോഗങ്ങളെ നടത്തിയിരുന്നു.

1964–ൽ കായംകുളത്ത് ഒരു ചെറിയ ക്ലിനിക് ആയി ആരംഭിച്ച സ്ഥാപനം പിന്നീട് എബനേസർ ഹോസ്പിറ്റൽ ആയി വളർന്നു. ഇന്നും അനേകർക്കു നന്മ നല്കുന്ന സ്ഥാപനമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഡോ.ജോണിന്റെ മക്കളും മരുമക്കളും ഡോക്ടർമാർ മാത്രമല്ല; സമർപ്പണത്തോടുകൂടി ആതുരശുശ്രൂഷ ഈ സ്ഥാപനത്തിലൂടെ ചെയ്യുന്നവരുമാണ്. ഡോ.ജോൺ അവർകളുടെ ഒരു മകൻ മിഷണറിയായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഡോ.ജോൺ മരിക്കുന്നതിന് ഒരാഴ്ച മുമ്പ് അദ്ദേഹത്തിന്റെ രോഗവിവരം അറിയുകയും ഞാൻ നേരിൽച്ചെന്ന് അദ്ദേഹത്തിനായി പ്രാർത്ഥിച്ച് മരണത്തിന് ഒരുങ്ങുവാൻ നിർദ്ദേശിക്കുകയും ചെയ്തു.

ആശുപത്രിയിലെ ഓരോ പ്രവൃത്തി ദിവസവും ഡോക്ടർമാരും എല്ലാ ജീവനക്കാരും ചേർന്ന് പ്രാർത്ഥിച്ച ശേഷമാണ് പ്രവൃത്തികൾ ആരംഭിക്കുന്നത്. ആ പ്രാർത്ഥനാ ചൈതന്യമാണ് ഇപ്പോഴും ഈ ആശുപത്രിയെ ഒരു സൗഖ്യകേന്ദ്രമാക്കി നിലനിർത്തിയിരിക്കുന്നത്.

## കായംകുളം ഡോ.ജോൺ അവർകൾ എന്റെ ശുശ്രൂഷയിൽ മറക്കാൻ കഴിയാത്ത വ്യക്തി

മലയാളക്കരയിൽ എന്റെ ശുശ്രൂഷകൾക്കു ദൈവം ഉപയോഗിച്ച മാന്യദ്ദേഹമാണ് ഡോ.ജോൺ അവർകൾ. കേരളത്തിൽ എന്റെ ആദ്യ കൺവെൻഷൻ നടത്തുവാനും ഡോ.

ജോൺ അവർകൾ. കേരളത്തിൽ എന്റെ ആദ്യ കൺവെൻഷൻ നടത്തുവാനും ഡോ. ജോൺ അവർകളെ ദൈവം സഹായിച്ചു. 1969–ൽ കായംകുളം **മാർത്തോമാ സഭയിൽ** നടന്ന കൺവെൻഷനാണ് എന്നെയൊരു കൺവെൻഷൻ പ്രാസംഗികനായി മലയാളികൾക്ക് അവതരിപ്പിച്ചത്. 1969–ന്റെ ആദ്യം **മൂന്നാർ** സി.എസ്.ഐയിൽ വച്ച് നടന്ന തമിഴ് കൺവെൻഷനിൽ എന്റെ പ്രസംഗം കേൾക്കാൻ രണ്ടു ദിവസം **ഡോ.ജോൺ** അവർകളും **പ്രൊഫ.ഗബ്രിയേൽ** (യു.സി.കോളേജ്, ആലുവ) അവർകളും മൂന്നാറിൽ തങ്ങി, പ്രസംഗം കേട്ടു. ആ പ്രസംസങ്ങൾ കേട്ട ശേഷമാണ് കായംകുളം മർത്തോമ്മോ സഭയുടെ കൺവെൻഷൻ 4 ദിവസം നടത്താൻ തിയതികൾ എന്നിൽ നിന്നും വാങ്ങിയത്. ആ കൺവെൻഷനിൽ **റവ.ജോൺ വിശ്വനാഥൻ** (സി.എസ്.ഐ നോർത്ത് കേരള ഡയോസിസ്) അവർകൾ എന്റെ പ്രസംഗങ്ങൾ പരിഭാഷപ്പെടുത്തി. അന്ന് അദ്ധ്യക്ഷ്യം വഹിച്ചത് **മാർത്തോമാ ബിഷപ്പ് റൈറ്റ്.റവ.ഡോ.തോമസ്** അവർകളായിരുന്നു. അന്നത്തെ എന്റെ പ്രസംഗങ്ങൾ മുഴുവൻ കാസെറ്റിൽ പകർത്തി ബിഷപ്പ് അവർകൾ കൊണ്ടുപോയി. ഇതിന്റെ കോപ്പികൾ എടുത്ത്  മാർത്തോമ്മാ സഭയിലെ എല്ലാ അച്ചന്മാർക്കും നല്കി കൺവെൻഷൻ യോഗങ്ങളിൽ എന്നെ വിളിക്കാൻ ശുപാർശക്കത്ത് എഴുതിയതും **ബിഷപ്പ് തോമസ് തിരുമേനി** അവർകൾ എന്നത് നന്ദിയോടെ ഓർക്കുന്നു. അതിലൂടെ കേരളത്തിലും വടക്കേ ഇന്ത്യയിലുമുള്ള എല്ലാ മർത്തോമ്മാ സഭകളിലെയും കൺവെൻഷനുകളിൽ പ്രസംഗിക്കാൻ എനിക്കു അവസരങ്ങൾ ലഭിച്ചു.

നിരണം, കോഴഞ്ചേരി, കോട്ടയം, തിരുവല്ല, കാവുംഭാഗം, മാങ്ങാനം, ഹോരേബ് കൺവെൻഷൻ, വടക്കേ ഇന്ത്യയിൽ ബിലായി, ഭോപ്പാൽ, ഡൽഹി, ഡെല്ലി തജാറാ തുടങ്ങി പല വലിയ കൺവെൻഷനുകളിൽ വചനം ശുശ്രൂഷിക്കുവാൻ ദൈവം വഴിയൊരുക്കി.

1970–കൾക്കു ശേഷമാണ് കേരളത്തിലെ സി.എസ്.ഐ സഭകൾ എന്നെ ഉപയോഗിച്ചു തുടങ്ങിയത്. **മദ്ധ്യകേരള സി.എസ്.ഐ ഡയോസിസിലെ “മഹായിടവക കൺവെൻഷനിൽ”** (കോട്ടയം) പ്രസംഗിക്കുവാനും ദൈവം കൃപ ചെയ്തു. ഈ നടത്തിപ്പുകൾക്കായി ദൈവത്തെ സ്തുതിക്കുന്നു. അക്കാലത്ത് എന്റെ പ്രസംഗങ്ങൾ മലയാളത്തിൽ തർജ്ജമ ചെയ്യാൻ ബ്രദർ.മാത്തുക്കുട്ടി, റവ.എബ്രഹാം, കെ.കെ.വർഗ്ഗീസ് ഉപദേശി, കുട്ടപ്പൻ ഉപദേശി, മത്തായി ഉപദേശി, കലയപുരം (സിയോൻകുന്ന്) ഉമ്മൻ ഉപദേശി തുടങ്ങി അനേകം പേരെ ദൈവം എഴുന്നേല്പിച്ചു.

1978 മുതൽ ഇന്നുവരെ പരിഭാഷക്കാരുടെ സഹായമില്ലാതെ മലയാളത്തിൽ പ്രസംഗിക്കുവാൻ ദൈവാത്മാവ് എന്നെ സഹായിച്ചുകൊണ്ടിരിക്കുന്നു.

ഇതിൽ അതിശയം എന്തെന്നാൽ 1969–ൽ കേരളത്തിൽ പ്രസംഗിച്ച ആ കാലം മുതൽ ഇന്നുവരെ ബിഷപ്പുമാർ എന്നെ വെറുത്താലും മാർത്തോമ്മാ സി.എസ്.ഐ അച്ച

ന്മാരും വിശ്വാസികളും തുടർന്ന് എന്നെ പ്രാർത്ഥനയിലും പണസഹായങ്ങളും ചെയ്തു കൊണ്ടിരിക്കുന്നതോർത്ത് ദൈവത്തെ സ്തുതിക്കുന്നു. അവരുടെ വീട്ടിൽ പ്രാർത്ഥനകളിൽ ഇപ്പോഴും പ്രസംഗിക്കുവാനും എന്നെ ക്ഷണിച്ച് ഉപയോഗിച്ചുകൊണ്ടിരിക്കുന്നു.

**കുറിപ്പ് : സി.എസ്.ഐയടക്കം പല മിഷനുകൾ നടത്തുന്ന പല ആശുപത്രികളും മെഡിക്കൽ കോളേജുകളും ഈ ആശുപത്രിക്കാർ ചെയ്യുന്നതുപോലെ പ്രാർത്ഥനയോടെ ആരംഭിച്ച് പ്രാർത്ഥനയോടെ കാര്യങ്ങൾ കൈകാര്യം ചെയ്യാത്തതുകൊണ്ടാണ് ദുർമരണങ്ങളും, പോലീസ് കേസുകളും, റോഡ് ഉപരോധങ്ങളും, അടിച്ചു തകർക്കലുകളും നടന്നുകൊണ്ടിരിക്കുന്നത്. എല്ലാ മിഷൻ ആശുപത്രികളും ദൈവവചനം ധ്യാനത്തോടുകൂടിയ പ്രാർത്ഥനകളിലേയ്ക്ക് മാറട്ടെ.**

# Rev.John Viswanathan അച്ചൻ അവർകൾ കർത്താവിൽ നിദ്രപ്രാപിച്ചു


Rev. John Vishwanathan

കേരളത്തിലെ എന്റെ ആദ്യ പ്രസംഗം തർജ്ജമ ചെയ്തതും പിന്നീട് പലവേദികളിൽ പ്രസംഗം സസന്തോഷം തർജ്ജമ ചെയ്ത വ്യക്തിയും എന്റെ ആത്മീയ സുഹൃത്തുമായ റവ.വിശ്വനാഥൻ അച്ചൻ 2018 ജനുവരി 3 ന് 80–ാം വയസ്സിൽ നിത്യഭവനത്തിൽ എത്തിച്ചേർന്നു. നോർത്ത് കേരള ഡയോസിസിലെ നിലമ്പൂരിൽ സഭാശുശ്രൂഷകനാരിയിരിക്കെ, ട്രൈബൽ മിഷന്റെ പ്രവർത്തനങ്ങൾക്കു ജീപ്പ് ഉൾപ്പെടെ എല്ലാ സഹായങ്ങളും ചെയ്തു തന്നതോർത്ത് ദൈവത്തെ സ്തുതിക്കുന്നു. ഇദ്ദേഹത്തിന്റെ കുടുംബാഗങ്ങളെയോർത്ത് പ്രാർത്ഥിക്കാം. ഹൈന്ദവ നായർ സമുദായത്തിൽ നിന്നും രക്ഷിക്കപ്പെട്ട ഇദ്ദേഹം കോളേജ് പഠനത്തിനു ശേഷം ബൈബിൾ കോളേജ് പഠനാനന്തരം പൂർണ്ണസമയം ദൈവവേലക്കാരനായി. അച്ചൻ അവർകൾ ഒരു കൺവെൻഷൻ പ്രസംഗകനായി ശോഭിക്കുവാനും ദൈവം താലന്തു നല്കി അനുഗ്രഹിച്ചു. അദ്ദേഹം ചെയ്ത ദൈവവേലയ്ക്കായി ദൈവത്തെ സ്തുതിക്കുന്നു.

**നന്ദി!!**

മലയാളികൾ വസിക്കുന്ന ദേശങ്ങളിലെല്ലാം ഒരു കൺവെൻഷൻ പ്രഭാഷകനായി തീരുവാൻ കർത്താവ് ഉപയോഗിച്ച മാനപാത്രങ്ങളായ **ഡോ.ജോൺ, റൈറ്റ്. റവ.തോമസ് തിരുമേനി, റവ.ജോൺ വിശ്വനാഥൻ** എന്നിവരെയോർത്ത് കർത്താവിന് നന്ദി അർപ്പിക്കുന്നു.

# ദൈവപുത്രന്മാരും മനുഷ്യസ്ത്രീകളും

ഭൂതശാസ്ത്രത്തിലെ ഒരു പ്രഹേളിയാണ് ഉത്പത്തി 6:4-ലെ ദൈവപുത്രന്മാർ. ഭൂമിയിൽ മനുഷ്യർ പെരുകി. ദൈവപുത്രന്മാർ മനുഷ്യപുത്രിമാരെ വിവാഹം കഴിച്ചു (ഉത്പ 6:4). ഈ ദൈവപുത്രന്മാരും, മനുഷ്യപുത്രിമാരും ആരെന്നതിനെക്കുറിച്ചു പ്രധാനമായി മൂന്നഭിപ്രായമുണ്ട്. ദൈവപുത്രന്മാർ : പ്രഭുപുത്രന്മാരോ, ദൂതന്മാരോ, ശേത്തിന്റെ സന്തതിയോ (ഭക്തിയുള്ള പുരുഷന്മാർ) ആണ്. മനുഷ്യപുത്രിമാർ : നീചകുലജാതകളോ, സാധാരണ മനുഷ്യപുത്രിമാരോ, കയീന്റെ സന്തതിയോ (അഭക്തകൾ) ആണ്. യാഥാസ്ഥിതിക റബ്ബിമാരാണു ഒന്നാമത്തെ അഭിപ്രായത്തിന്റെ വക്താക്കൾ. ഉന്നതകുലജാതന്മാരാണു ദൈവപുത്രന്മാർ. നീചകുലസ്ത്രീകളാണു മനുഷ്യപുത്രിമാർ. ഭാഷാപ്രയോഗം അനുകൂലിക്കാത്തതുകൊണ്ടും തിരുവെഴുത്തുകളുടെ പിൻബലം ഇല്ലാത്തതുകൊണ്ടും ഈ വാദം അപ്രസക്തമായിത്തീർന്നു.

ദൈവപുത്രന്മാർ ദൂതന്മാരാണ്. വീഴ്ച സംഭവിച്ച ദൂതന്മാരാണു ദൈവപുത്രന്മാർ. ഇവർ താത്ക്കാലികമായി മനുഷ്യരൂപം സ്വീകരിച്ചു മനുഷ്യസ്ത്രീകളോടു സഹവസിച്ചു. ഈ മിശ്രവിവാഹത്തിൽ നിന്നുണ്ടായവരാണു മല്ലന്മാർ. ഈ ചിന്താഗതിക്കനുകൂലമായ വാദമുഖങ്ങൾ.

ഉത്പത്തി 6 നു വെളിയിൽ ദൈവപുത്രന്മാർ എന്ന പ്രയോഗം ദൈവദൂതന്മാരെക്കുറിക്കുവാൻ മാത്രമേ ഉപയോഗിച്ചിട്ടുള്ളൂ. ഇയ്യോ 1:6, 2:1, 38:7, ആവ 14:1, യെശ 43:6, ഹോശെ 1:10, 11:1 എന്നിവിടങ്ങളിൽ ബെനേ എലോഹീം എന്നല്ല പ്രയോഗം. ദൂതന്മാരെ കുറിക്കുന്നത് എലോഹീം, ബെനേ എലോഹീം, ബെനെ എലിം എന്നിങ്ങനെ പ്രയോഗിച്ചിട്ടുണ്ട്. അവർ ഒരു പ്രത്യേക വിഭാഗം വീരസത്ത്വങ്ങളാണ്. അതിനാൽ ഇവിടെയും ദൂതന്മാരായി കണക്കാക്കുകയാണ് ശരി.

സന്ദർഭത്തിൽ നിന്നും ദൈവപുത്രന്മാരുടെയും മനുഷ്യപുത്രിമാരുടെയും സഹവാസം അസ്വഭാവികവും അസാധാരണവും എന്നു വ്യക്തമാകുന്നു. ജലപ്രളയത്തിന്റെ കാരണങ്ങളിലൊന്നു അതായിരിക്കണം. വീണുപോയ ദൂതന്മാരുടെ ശക്തിയുടെ വലിപ്പം നമുക്കറിയില്ല. ദൈവദൂതന്മാർ അവർക്കിടയിൽ പ്രത്യുത്പാദനം നടത്തുന്നില്ല എന്നു മാത്രമേ മത്തായി 22:30 ന് അർത്ഥമുള്ളൂ. എന്നാൽ ഇങ്ങനെയുള്ള സഹവാസത്തെ ഈ വാക്യം ഒഴിവാക്കുന്നില്ല. മനുഷ്യരൂപം സ്വീകരിച്ച് ദൂതന്മാർ മനുഷ്യരുടെ മറ്റുള്ള പ്രവൃത്തികൾ ചെയ്തതായി കാണുന്നുണ്ട്. അവർ ഭക്ഷിക്കുകയും നടക്കുകയും സംസാരിക്കുകയും ഇരിക്കുകയും എല്ലാം ചെയ്തിട്ടുണ്ട്. ചില ദൂതന്മാരെ തെറ്റിദ്ധരിച്ച് സ്വവർഗ്ഗരതിക്കുവേണ്ടി ശ്രമിച്ചതായി കാണുന്നു (ഉല്പത്തി 18:1–19:5).

മനുഷ്യപുത്രിമാർ എന്നത് ഭക്തികെട്ട സ്ത്രീകൾ എന്ന വ്യാഖ്യാനത്തിനു ഒരു ന്യായീകരണവുമില്ല. സ്ത്രീവർഗ്ഗത്തെ മുഴുവൻ കുറിക്കുന്ന ഒരു പ്രയോഗം മാത്രമാണിത്. ദൈവപുത്രന്മാർ ദൈവദൂതന്മാരെക്കുറിക്കുന്നതുപോലെ ഭക്തിയുള്ള പുരുഷന്മാരും ഭക്തികെട്ട സ്ത്രീകളും തമ്മിലുള്ള വിവാഹം ഇവിടെ സൂചിതമെന്ന് കരുതാനില്ല. ഭക്തിയുള്ള സ്ത്രീകളും ഭക്തികെട്ട പുരുഷന്മാരും (മനുഷ്യപുത്രന്മാരും ദൈവപുത്രിമാരും) തമ്മിൽ സംഭവിച്ചുകൂടേ? എന്നാൽ അതിനെക്കുറിച്ച് ബൈബിൾ ഭാഗം ഒന്നു പറയുന്നില്ല.

ഈ സംയോഗത്തിലുണ്ടായവരെ നെഫിലീം (മല്ലന്മാർ) എന്നാണു വിളിച്ചിരുന്നത്. നെഫിലീം എന്ന എബ്രായപദത്തിന് വീണുപോയവർ എന്നർത്ഥം. അവിശുദ്ധ സംയോഗത്തിലുണ്ടായ അസാധാരണ സന്തതിയെക്കുറിക്കുകയാണത്. കനാനിലെ അനാക്കിന്റെ പുത്രന്മാരെക്കുറിക്കുവാൻ ഈ പദം തന്നെ സംഖ്യാ 13:33–ൽ പ്രയോഗിച്ചിട്ടുണ്ട്. അവർ ഭീമാകാരന്മാരായിരുന്നു. എന്നാൽ മിശ്രപ്രകൃതിയോടു കൂടിയ രാക്ഷസന്മാരാകണം (ഉല്പത്തി 6).

വിചിത്രമായ പാപം ചെയ്ത് ബന്ധിക്കപ്പെട്ട ഒരു വിഭാഗം ദൂതന്മാരെക്കുറിച്ചു 2 പത്രൊസ് 2:4–5, യൂദാ 6,7 എന്നിവിടങ്ങളിൽ പരാമർശിച്ചിട്ടുണ്ട്. അവരുടെ ശിക്ഷാവിധിയുടെ കാരണത്തെക്കുറിച്ചു നമുക്കു ഊഹിക്കാവുന്ന തെളിവ് ഇതു മാത്രമാണ്. ഇവരുടെ പാപത്തെ സൊദോമിലും ഗൊമോറയിലും സംഭവിച്ച ലൈംഗികഭ്രംശത്തോടാണു പത്രൊസും യൂദയും താരതമ്യപ്പെടുത്തിയിരിക്കുന്നത്. ഈ സൂചനയുടെ കാലവും ദൂതന്മാരുടെ പാപത്തെ ജലപ്രളയവുമായി ബന്ധപ്പെടുത്തുന്നു. ദൂതന്മാരുടെ പാപം സാത്താനോടുകൂടെയുള്ള ദൈവദൂതന്മാരുടെ വീഴ്ചയായിരുന്നു എങ്കിൽ ബന്ധിക്കുന്നതിനുപകരം കുറച്ചുപേരെ ബന്ധിക്കുന്നതിന് ന്യായീകരണമില്ല. വീഴ്ചയ്ക്കുശേഷം സാത്താൻപോലും ബന്ധിക്കപ്പെടേണ്ടിയിരുന്നു.

2 പത്രൊസിലെയും യൂദയിലെയും ഭാഷ അസാധാരണമായ ലൈംഗിക പാപത്തെയാണ് വർണ്ണിക്കുന്നത്. ദൈവദൂതന്മാരുടെ പാപത്തെ സൊദോമിലും ഗൊമോറയിലും നടന്ന പാപത്തോടെയാണ് തുല്യപ്പെടുത്തുന്നത്. യൂദയിലെ ഭാഷ കുറെക്കൂടി തീവ്രമാണ്. “അതുപോലെ സൊദോമും ഗൊമോറയും ചുറ്റുമുള്ള പട്ടണങ്ങളും അവർക്കു സമമായി ദുർന്നടപ്പു ആചരിച്ചു അന്യജഡം മോഹിച്ചു എന്നാണു കാണുന്നത്. ഇത് ദൂതന്മാർക്കില്ലാത്ത ജഡത്തെ കാണിക്കുന്നു. ഈ ദൂതന്മാർ തങ്ങളുടെ വാഴ്ച കാത്തുകൊണ്ടില്ല. മാത്രവുമല്ല, അവർ തങ്ങളുടെ വാസസ്ഥലം വിട്ടുപോകുകയും ചെയ്തു. ഈ അസാധാരണ പാപത്തിനു വിധേയരായ ദൂതന്മാരെ സ്ഥിരമായി അന്ധകൂപത്തിൽ അടച്ചിരിക്കുകയാണ്. അവിടെ അവർ അഗ്നിപൊയ്കയിലേക്കുള്ള വിധികാത്തു കഴിയുന്നു (മത്താ 25:41, 2 പത്രൊ 2:4, യൂദ 6, വെളി 20:10).

**ദൈവപുത്രന്മാർ ശേത്തിന്റെ സന്തതികളാണ് :** ഉത്പത്തി 6–ലെ പാപത്തിനു ദൂതന്മാരെയല്ല മനുഷ്യരെയാണ് ദൈവം കുറ്റപ്പെടുത്തിയത്. “മനുഷ്യനിൽ....വാദിച്ചുകൊണ്ടിരിക്കയില്ല.” “ഭൂമിയിൽ മനുഷ്യന്റെ ദുഷ്ടത വലിയതെന്നും;” “മനുഷ്യനെ ഉണ്ടാക്കിയതുകൊണ്ട് യഹോവ അനുതപിച്ചു” മനുഷ്യനെ ഭൂമിയിൽ നിന്നു നശിപ്പിച്ചുകളയും” (ഉത്പത്തി 6:3,5,7) എന്നീ ഭാഗങ്ങൾ നോക്കുക, ദൂതന്മാർ തെറ്റിയതിനു മനുഷ്യനെ കുറ്റപ്പെടുത്തുന്നതു ശരിയല്ലല്ലോ. അതുകൊണ്ടു മനുഷ്യരിൽ ഒരു കൂട്ടത്തെക്കുറിച്ചു തന്നെയാണ് ‘ദൈവത്തിന്റെ പുത്രന്മാർ’ എന്നു പറയുന്നത്.

ദൈവദൂതന്മാരെ ദൈവത്തിന്റെ പുത്രന്മാർ എന്നു തെളിയിച്ചു പറഞ്ഞിട്ടുള്ള ഒരു ഭാഗവും ബൈബിളിൽ ഇല്ല. സന്ദർഭം കൊണ്ടു അങ്ങനെ ധരിക്കാമെന്നു വന്നാൽ തന്നെയും ഒരു പദത്തിനു വിവിധ ആശയം വന്നാലും ഇവിടത്തെ ആശയം ദൂതന്മാർ എന്നതല്ല; മനുഷ്യർ എന്നു തന്നെ.

എബ്രാ 1–ന്റെ വെളിച്ചത്തിൽ ദൂതന്മാർ പുത്രന്മാർ അല്ല എന്നു തെളിയുന്നു. 4,5 വാക്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക :

യൂദാ 7 ലെ “അവൾക്കു സമമായി ദുർന്നടപ്പു ആചരിപ്പ് അന്യജഡം മോഹിച്ചു നടന്നു” എന്ന വിശേഷണം ദൂതന്മാരെ ഉദ്ദേശിച്ചതല്ല; സൊദോം, ഗൊമോറ എന്നിവയുടെ അയൽപട്ട

ണങ്ങളെക്കുറിച്ചുള്ളവയാണെന്നു ഗ്രീക്കിൽ നിന്നും ഗ്രഹിക്കാവുന്നതാണ്. അവർക്കു സമമായി ദുർന്നടപ്പു ആചരിച്ചു അന്യജഡം മോഹിച്ചു നടന്ന അയൽപട്ടണങ്ങളും' എന്നു വ്യക്തമായി വായിക്കാം. സോദോമിൽ പാപം പുരുഷമൈഥുനമായിരുന്നു. ഉല്പത്തി 6–ൽ കാണുന്നത് ഉചിതമല്ലാത്ത വിവാഹമാണ്. "തങ്ങൾക്കു ബോധിച്ച ഏവരെയും" (ഉല്പത്തി 6:2) എന്നതു നോക്കുക.

"തങ്ങൾക്കു ബോധിച്ച ഏവരെയും" എന്നു പറയുന്നതിൽ നിന്നും അവർക്കു ന്യായമായി സ്വീകരിക്കാമായിരുന്ന ഭാര്യമാർ ഉണ്ടായിരുന്നു എന്ന ധ്വനി ഉണ്ടല്ലോ. ദൂതന്മാരിൽ സ്ത്രീകൾ ഇല്ല.

മല്ലന്മാർ എന്ന വാക്ക് സംഖ്യാ 13:33–ൽ മനുഷ്യസന്തതിയെപ്പറ്റി പറയുന്നുവല്ലോ; അനാക്യമല്ലന്മാർ എന്ന്. ആകയാൽ വേദപഠിതാക്കൾ സാധാരണയായി സ്വീകരിക്കുന്ന വ്യാഖ്യാനം ഇവിടെ യോജിച്ചതല്ല.

ദൈവപുത്രന്മാർ വീണുപോയ ദൂതന്മാരെന്നു വിശ്വസിക്കുന്ന വേദപണ്ഡിതന്മാർ ധാരാളമുണ്ട്. എന്നാൽ ഉല്പത്തി 6:1–4 സൂക്ഷ്മമായി പഠിക്കുന്നവർക്ക് അവർ ശേത്തിന്റെ സന്തതിയാണെന്നു മനസ്സിലാക്കാൻ പ്രയാസമുണ്ടാവില്ല. മേല്പറഞ്ഞ ആറു ന്യായങ്ങൾ വിഷയം വ്യക്തമാക്കുന്നുണ്ട്. അനുബന്ധമായി ചില കാര്യങ്ങൾ കൂടി ഇവിടെ ചേർക്കുന്നു. പ്രാരംഭമായി പ്രസ്തുതഭാഗം പൂർണ്ണമായി ഉദ്ധരിക്കട്ടെ : "മനുഷ്യൻ ഭൂമിയിൽ പെരുകിത്തുടങ്ങി അവർക്കു പുത്രിമാർ ജനിച്ചപ്പോൾ ദൈവത്തിന്റെ പുത്രന്മാർ മനുഷ്യരുടെ പുത്രിമാരെ സൗന്ദര്യമുള്ളവരെന്നു കണ്ടിട്ടു തങ്ങൾക്കു ബോധിച്ച ഏവരെയും ഭാര്യമാരായി എടുത്തു. അപ്പോൾ യഹോവ : മനുഷ്യനിൽ എന്റെ ആത്മാവു സദാകാലവും വാദിച്ചുകൊണ്ടിരിക്കയില്ല; അവൻ ജഡം തന്നെയല്ലോ; എങ്കിലും അവന്റെ കാലം നൂറ്റിരുപതു സംവത്സരമാകും എന്നരുളിച്ചെയ്തു. അക്കാലത്തു ഭൂമിയിൽ മല്ലന്മാർ ഉണ്ടായിരുന്നു; അതിന്റെ ശേഷവും ദൈവത്തിന്റെ പുത്രന്മാർ മനുഷ്യരുടെ പുത്രിമാരുടെ അടുക്കൽ ചെന്നിട്ടു അവർ മക്കളെ പ്രസവിച്ചു; ഇവരാകുന്നു പുരാതനകാലത്തെ മല്ലന്മാർ; കീർത്തിപ്പെട്ട പുരുഷന്മാർ തന്നെ" (ഉല്പത്തി 6:1–4).

ഉല്പത്തി 6–നു വെളിയിൽ ബെനേ എലോഹീം ദൂതന്മാരെ കുറിക്കുവാൻ മാത്രമേ പ്രയോഗിച്ചിട്ടുള്ളൂ. അതിനാൽ ഉല്പത്തി 6–ലും ദൈവപുത്രന്മാർ ദൂതന്മാരാണു എന്ന വാദം കഴമ്പില്ലാ ത്തതാണ്. ഇയ്യോ 1:6, 2:1, 38:7 എന്നിവിടങ്ങളിലാണ് പ്രസ്തുത പ്രയോഗം വരുന്നത്. അവിടെ ദൂതന്മാരെന്നു മനസ്സിലാക്കുന്നതു ഏകപക്ഷീയമാണ്. തിരുവെഴുത്തുകളിലൊരേടത്തുനിന്നും ദൈവപുത്രന്മാർ ദൈവദൂതന്മാരാണെന്ന ധ്വനി ലഭിക്കുന്നില്ല. ദൈവവുമായി ബന്ധമുള്ള ദൂതന്മാരെയും മനുഷ്യരെയും ദൈവപുത്രന്മാരെന്നു വിവക്ഷിക്കുന്നതു യുക്തമാണ്. ആവ 14:1, യെശ 43:6, ഹോശ 1:10, 11:1 എന്നിവിടങ്ങളിൽ "ദൈവപുത്രന്മാർ" ദൈവഭക്തന്മാരെക്കുറിക്കുവാൻ ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ അവിടെ ബെനേ എലോഹീം അല്ല പ്രയോഗം എന്നാണു പ്രതിവാദം. യെശ 43:6–ൽ എന്റെ പുത്രന്മാർ എന്നു ദൈവം പറയുമ്പോൾ വിവക്ഷ ദൈവപുത്രന്മാർ എന്നല്ലേ? ഹോശ 11:1–ലും എന്റെ മകൻ എന്നാണു പ്രയോഗം. ഹോശ 1:10–ൽ ജീവനുള്ള ദൈവത്തിന്റെ മക്കൾ എന്നു കാണാം. സങ്കീ 73:15–ൽ നിന്റെ മക്കളുടെ തലമുറ എന്നു ഭക്തന്മാരും ആവ 32:5–ൽ ദൈവത്തിന്റെ മക്കളെന്നു യിസ്രായേല്യരെയും പറയുന്നു.

തിരുവെഴുത്തുകൾ പഠിപ്പിക്കുന്നതിനുസരിച്ച് സ്വർഗ്ഗീയ ജീവികൾ ദൈവത്തിന്റെ സൃഷ്ടികളാണ്; ദൈവിക സത്തയിൽ നിന്നു ജനിപ്പിക്കപ്പെട്ടവരല്ല. ദൈവദൂതന്മാരെക്കുറിക്കുന്ന പ്രയോ

ഗങ്ങളെല്ലാം നൈതികസ്വഭാവമുള്ളവയാണ്. ദൈവപുത്രന്മാർ എന്ന പ്രയോഗം ഭൗതിക ജനനത്തെ വിവക്ഷിക്കായ്കയാൽ ദൈവസാദൃശ്യം വഹിക്കുന്ന എല്ലാ ജീവികൾക്കും ചേരും. ആ കാരണത്താൽ തന്നെ ഉല്പത്തി 6-ലെ ദൈവപുത്രന്മാർ വീണുപോയ ദൂതന്മാരല്ല. ദൈവം മനുഷ്യനെ അല്പം മാത്രം താഴ്ത്തി സൃഷ്ടിച്ചു (സങ്കീ 8:5). ന്യായാധിപന്മാരെ എലോഹീം (ദേവന്മാർ) എന്നും ബെനേ എല്യോൻ (അത്യുന്നതന്റെ പുത്രന്മാർ) എന്നും (സങ്കീ 82:6) വിളിച്ചിട്ടുണ്ട്.

ദൈവപുത്രന്മാർ ദൂതന്മാരല്ലെന്നു തെളിയിക്കാൻ ഒരു സാമാന്യയുക്തി മതിയാകും. അവർ ദൂതന്മാരാണെങ്കിൽ വിശുദ്ധദൂതന്മാരോ വീണുപോയ ദൂതന്മാരോ ആയിരിക്കണം. ദൈവദൂതന്മാർ അനുസരണമുള്ളവരും ദൈവഹിതം നിറവേറ്റുന്നതിനും തിരുനാമം മഹത്ത്വപ്പെടുത്തുന്നതിനും സദാ ജാഗരൂകരുമാണ്. യുവതികളുമായി ദുർന്നടപ്പു ആചരിക്കുകയോ വഷളത്തം പ്രവർത്തിക്കുകയോ ചെയ്യുക എന്നത് അവരുടെ സ്വഭാവവുമായി പൊരുത്തപ്പെടുന്നതുമല്ല. അപ്രകാരം ഒരു പ്രവണത അവരിൽ രൂപം കൊള്ളുകയുമില്ല. വിവാഹം അവരുടെ സ്വാഭാവിക പ്രകൃതിയിൽ ഉൾപ്പെട്ടതല്ല. വീണുപോയ ദൂതന്മാരെ ഒരിക്കലും ദൈവപുത്രന്മാർ എന്നു വിളിക്കുകയില്ല. **ഭൂതങ്ങളും ദുരാത്മാക്കളും ഒന്നും തന്നെ തിരുവെഴുത്തുകളിൽ ദൈവപുത്രന്മാർ എന്ന അഭിധാനത്തിൽ അറിയപ്പെടുന്നില്ല.**

ദൈവപുത്രന്മാർക്കു വിപര്യയമായ പ്രയോഗമാണ് മനുഷ്യപുത്രിമാർ. ഈ പ്രയോഗം ഒരിക്കലും ദൈവപുത്രന്മാരെ ദൂതന്മാരാക്കുകയില്ല. ഒന്നാം വാകൃത്തിലെ മനുഷ്യന്റെ രണ്ടു വിഭാഗങ്ങളാണ് ദൈവപുത്രന്മാരും മനുഷ്യപുത്രിമാരും.

ശേത്തിന്റെയും കയീന്റെയും സന്തതികളെ മുൻ അദ്ധ്യായങ്ങളിൽ പറഞ്ഞിട്ടുണ്ട്. ഉല്പത്തി 4:16-25, 5:32. വിശ്വാസികളും അവിശ്വാസികളും തമ്മിലുള്ള മിശ്രവിവാഹത്തിന്റെ ആദ്യരേഖയാണ് ഉല്പത്തി 6:1-4. "ശേത്തിന്റെ സന്തതികളും കയീന്റെ സന്തതികളും തമ്മിലുള്ള മിശ്രവിവാഹം ജലപ്രളയകാലത്തു നടന്നിരുന്നു. ജലപ്രളയത്തിനു മുമ്പുള്ള കാലത്തു നോഹ പെട്ടകത്തിൽ കയറിയ നാൾ വരെ അവർ തിന്നും കുടിച്ചും വിവാഹം കഴിച്ചും വിവാഹത്തിനു കൊടുത്തും പോന്നു" (മത്തായി 24:38). ഈ മിശ്രവിവാഹം വിലക്കപ്പെട്ടതാണ്. "അവരുടെ പുത്രിമാരിൽ നിന്നു നിന്റെ പുത്രന്മാർക്കു ഭാര്യമാരെ എടുക്കയും അവരുടെ പുത്രിമാർ തങ്ങളുടെ ദേവന്മാരോടു പരസംഗം ചെയ്യുമ്പോൾ നിന്റെ പുത്രന്മാരെക്കൊണ്ടു അവരുടെ ദേവന്മാരോടു പരസംഗം ചെയ്യിക്കുകയും ചെയ്യാൻ ഇടവരരുത്." (പുറ 34:16). പിതാക്കന്മാരുടെ കാലത്തും മിശ്രവിവാഹം നിഷേധിക്കപ്പെട്ടിരുന്നു. ഉത്പത്തി 27:46, 28:1, ഉല്പത്തി 6:2-ൽ ദൈവപുത്രന്മാർ മനുഷ്യപുത്രിമാരെ സൗന്ദര്യമുള്ളവരെന്നു കണ്ടിട്ട് തങ്ങൾക്കു ബോധിച്ച ഏവരെയും ഭാര്യമാരായി എടുത്തു എന്നു കാണാം. സൃഷ്ടിയുടെ കാലത്തു ദൈവം ഏർപ്പെടുത്തിയ വിവാഹത്തെക്കുറിക്കുന്ന പദമാണ് ഭാര്യമാരായി എടുത്തു എന്നത്. ഒരിക്കലും വെറും ശാരീരികബന്ധത്തെക്കുറിക്കുന്നതല്ല, താൽക്കാലിക ഭോഗസിദ്ധിക്കുവേണ്ടി സുന്ദരികളെ വശീകരിച്ചു ആവശ്യാനന്തരം ഉപേക്ഷിക്കയായിരുന്നില്ല; മറിച്ച്, സ്ഥിരമായ വിവാഹബന്ധത്തിലേർപ്പെടുകയായിരുന്നു അവർ. വിശുദ്ധവേദപുസ്തകം കൃത്യമായിത്തന്നെ പരിഭാഷപ്പെടുത്തുന്നു. "ദൈവത്തിന്റെ പുത്രന്മാർ മനുഷ്യരുടെ പുത്രിമാരെ സൗന്ദര്യവതികൾ എന്നു കണ്ടു തങ്ങൾക്കു ഇഷ്ടമുള്ളവരെ വിവാഹം ചെയ്തു." **ദൈവദൂതന്മാർക്കു വിവാഹം ചെയ്യുവാൻ കഴിയുകയില്ലെന്നു ക്രിസ്തു തന്നെ വെളിപ്പെടുത്തി. "പുനരുത്ഥാന**

**ത്തിൽ അവർ വിവാഹം കഴിക്കുന്നില്ല. വിവാഹത്തിനു കൊടുക്കപ്പെടുന്നതുമില്ല; സ്വർഗ്ഗത്തിലെ ദൂതന്മാരെപ്പോലെ അത്രേ ആകുന്നു" (മത്തായി 22:30).** മാനുഷിക വിവാഹത്തിൽ ഏർപ്പെടുവാൻ കഴിയുന്ന ദേഹസാന്നിദ്ധ്യം ദൂതന്മാർക്കില്ല. ദൈവത്തിനെതിരെ മത്സരിച്ചു അപ്രകാരമൊന്നു അവർക്കു നേടാനും കഴിയുകയില്ല. മനുഷ്യൻ സൃഷ്ടാവിൽ നിന്ന് തനിക്കു കിട്ടിയ പ്രകൃതിയെ പാപത്താൽ നഷ്ടപ്പെടുത്തി. എന്നാൽ അതു നഷ്ടപ്പെട്ടപ്പോൾ സ്വന്തം കഴിവു കൊണ്ട് പ്രസ്തുത പ്രകൃതി തിരികെ പ്രാപിക്കാനായില്ല. അങ്ങനെയാണെങ്കിൽ മുമ്പില്ലാത്ത ഒരു ശക്തിയോ അവയവമോ ദൈവത്തോടു മത്സരിച്ചു ദൂതന്മാർക്കു നേടുവാൻ കഴിയുമോ? തങ്ങൾക്കു മുമ്പില്ലാതിരുന്ന ലൈംഗികശക്തി ദൈവത്തിൽ നിന്നുള്ള വിശ്വാസത്യാഗം മൂലം അവർക്കു നേടുവാൻ കഴിഞ്ഞു എന്ന് നമുക്കു വിശ്വസിക്കുവാൻ സാദ്ധ്യമല്ല.

മനുഷ്യരൂപം സ്വീകരിച്ചു ദൂതന്മാർ മനുഷ്യരുടെ മറ്റുള്ള പ്രവൃത്തികൾ (നടക്കുക, ഇരിക്കുക, ഭക്ഷിക്കുക, സംസാരിക്കുക തുടങ്ങിയവ) ചെയ്തിട്ടുണ്ട്. അതുപോലെ മാത്രമേ ലൈംഗികപ്രക്രിയയിൽ ഏർപ്പെടുന്നതും എന്ന വാദം വിചിത്രമാണ്. അബ്രഹാമിനെ സന്ദർശിച്ച ദൂതന്മാർ ഭക്ഷിച്ചു. ദൈവം അനുവദിച്ചതു കൊണ്ടാണ് അവർ ഭക്ഷിച്ചത്. ഒന്നാമതായി **ഇവിടെ ഭക്ഷണം കഴിച്ചത് ദൈവകൃപയാൽ സംഭവിച്ച അത്ഭുതമായിരുന്നു.** ദൈവത്തോടു മത്സരിച്ചു സ്വന്തം ശക്തിയിൽ ദൂതന്മാർക്കു എന്തു ചെയ്യാൻ കഴിയുമെന്ന് ഈ സംഭവം വച്ച് നിർണ്ണയിക്കാൻ കഴിയുകയില്ല. രണ്ടാമതായി, ദൈവദൂതന്മാർ ഭക്ഷണം കഴിക്കുന്നതും പാപം ചെയ്ത ദൂതന്മാർ ഭാര്യമാരെ സ്വീകരിച്ചു കുഞ്ഞുങ്ങളെ ജനിപ്പിക്കുന്നതിനും തമ്മിൽ വലിയ അന്തരമുണ്ട്. 200 ദൂതന്മാർ നായകന്മാരോടുകൂടി ലോലകളും സുന്ദരികളുമായ മനുഷ്യപുത്രിമാരെ മോഹിച്ചു സ്വർഗ്ഗത്തിൽ നിന്നും താഴേക്കു വന്നു അവരെ ഭാര്യമാരായി എടുത്തു അവരിൽ നിന്നും 3000 (അഥവാ 300) മുഴം പൊക്കമുള്ള മല്ലന്മാരെ ജനിപ്പിച്ചു എന്ന് ഹാനോക്കിന്റെ ഗ്രന്ഥത്തിൽ പറയുന്നു. 2 പത്രൊസ് 2:4 ഉം യൂദാ :6 ഉം ദൂതവിവാഹത്തിനു തെളിവു നല്കുന്നില്ല. പാപം ചെയ്ത ദുതന്മാരെ ദൈവം ആദരിച്ചില്ലെന്നേ പറയുന്നുള്ളൂ. ഒരു ചെറിയ വിഭാഗം ദൂതന്മാരുടെ പ്രത്യേക പാപമൊന്നും പറയുന്നില്ല. തങ്ങളുടെ വാഴ്ച കാത്തുകൊള്ളാതെ സ്വന്ത വാസസ്ഥലം വിട്ടുപോയ ദൂതന്മാരെന്നേ യൂദാ :6 പറയുന്നുള്ളൂ. മനുഷ്യപുത്രിമാരെ വിവാഹം ചെയ്തുവെന്നോ സന്തത്യുത്പാദനം നടത്തിയെന്നോ ഒന്നും രേഖപ്പെടുത്തുന്നില്ല. അവർക്കു സമമായി (ദുർന്നടപ്പു ആചരിച്ചു) എന്നതു ദൂതന്മാരെക്കുറിക്കുന്നതായി മനസ്സിലാക്കിയാൽപ്പോലും ദുർന്നടപ്പ് വിവാഹമല്ല. **വ്യാകരണപരമായി അവർക്ക് (ടൂടൊയ്സ്) എന്നതു സോദോം ഗൊമോറ അഥവാ പ്രസ്തുത പട്ടണങ്ങളിലെ നിവാസികളെ കുറിക്കുന്നു.** ടൂടൊയ്സ് എന്നതു 4–ാം വാക്യത്തിലെ "ദൈവത്തിന്റെ കൃപയെ ദുഷ്ക്കാമപ്രവൃത്തിക്കു ഹേതുവാക്കിയ അഭക്തരായ ചിലരോടും" എന്നതിനോടും അന്വയിച്ചു കൂടായ്കയില്ല.

ദൈവപുത്രന്മാരുടെ മേൽ ദൈവം ഉച്ചരിച്ച വിധിയും മനുഷ്യർക്കു മാത്രം ചേരുന്നതാണ്. "മനുഷ്യനിൽ എന്റെ ആത്മാവു സദാകാലവും വാദിച്ചുകൊണ്ടിരിക്കയില്ല; അവൻ ജഡം തന്നെയല്ലോ; എങ്കിലും അവന്റെ കാലം നൂറ്റിരുപതു സംവത്സരമാകും എന്നു അരുളിച്ചെയ്തു" (ഉല്പത്തി 6:3). ദൈവം തന്റെ ആത്മാവിനെ മനുഷ്യനിൽനിന്നു പിൻവലിച്ചു. അങ്ങനെ അവരുടെ ജീവനും പെരുമാറ്റത്തിനും അന്തം വരുത്തി. മനുഷ്യന്റെ ആയുസ്സ് 120 ആകുമെന്ന് ദൈവം കല്പിച്ചു. മനുഷ്യനെ ഇങ്ങനെ ശിക്ഷിക്കുന്നതിനു പകരം ദൈവപുത്രന്മാർ മനുഷ്യപുത്രി

മാരെ വിവാഹം ചെയ്തതാണ്. ഈ അസ്വഭാവികമായ വിവാഹം മനുഷ്യവർഗ്ഗത്തെ മുഴുവൻ ദുഷിപ്പിച്ചതിനു കാരണക്കാർ ദൂതന്മാർ ആയിരുന്നുവെങ്കിൽ മനുഷ്യരെയാണോ ശിക്ഷിക്കേണ്ടത്? മനുഷ്യർ വഞ്ചിക്കപ്പെടുക മാത്രമായിരുന്നല്ലോ. വഞ്ചിക്കപ്പെട്ടവരുടെമേൽ മാത്രമാണോ ശിക്ഷാവിധി. ദൈവികശിക്ഷാവിധിയിൽ ഇമ്മാതിരി പക്ഷപാതം ദൃശ്യമല്ല. ദൈവദൂതന്മാരുടെ ശിക്ഷയെക്കുറിച്ച് യാതൊന്നും പറഞ്ഞിട്ടില്ലാത്തതുകൊണ്ട് ഇവിടെ വർണ്ണിക്കപ്പെടുന്ന ചരിത്രം മനുഷ്യന്റേതാണെന്നും വ്യക്തമാണ്. ദൈവപുത്രന്മാർ ദൂതന്മാരാണെങ്കിൽ ഈ ആഖ്യാനം മനുഷ്യരെക്കുറിച്ചു മാത്രമുള്ളതല്ല, ദൈവദൂതന്മാരുടേതും ആയിരിക്കുമായിരുന്നു. പരീക്ഷിതനും പരീക്ഷകനും ഒരുപോലെ ശിക്ഷിക്കപ്പെടുകയാണ് തിരുവെഴുത്തുകളിൽ.

ദൂതന്മാരും മനുഷ്യസ്ത്രീകളും തമ്മിലുള്ള അവിശുദ്ധ സംയോഗത്തിലുണ്ടായ അസാധാരണ സന്തതിയെക്കുറിക്കുകയാണു നെഫിലീം. ഗിഗാന്റെസ് എന്ന പദമാണ് സെപ്റ്റ്വജിന്റിൽ, അർദ്ധഭൗമവും അർദ്ധസ്വർഗ്ഗീയവുമായ റ്റൈറ്റൻസിനെക്കുറിക്കുവാൻ ഈ പദം പ്രയോഗിച്ചിട്ടുണ്ട് എന്ന ദൂതവാഹവാദികളുടെ വാദം സ്വപക്ഷസ്ഥാപനത്തിന് ഒട്ടും അനുകൂലമല്ല. ദൈവപുത്രന്മാരും (മനുഷ്യരോ ദൂതന്മാരോ ആയിക്കൊള്ളട്ടെ) മനുഷ്യപുത്രിമാരും തമ്മിലുള്ള വേഴ്ചയിൽ നിന്നു നെഫിലീം (മല്ലന്മാർ) ജനിച്ചു എന്നു പറഞ്ഞിട്ടില്ല. രണ്ടാം വാക്യത്തിൽ വിവാഹം കഴിച്ചു എന്നേ പറഞ്ഞിട്ടുള്ളൂ. നാലാം വാക്യത്തിൽ അക്കാലത്തു ഭൂമിയിൽ മല്ലന്മാർ ഉണ്ടായിരുന്നു. അതിന്റെ ശേഷം (ദൈവം താക്കീതു നല്കിയതിനു ശേഷവും) ദൈവത്തിന്റെ പുത്രന്മാർ മനുഷ്യപുത്രിമാരുടെ അടുക്കൽ ചെന്നിട്ടു അവർ മക്കളെ പ്രസവിച്ചു. ഇവരാകുന്നു പുരാതനകാലത്തെ വീരന്മാർ. ദൈവപുത്രന്മാർ മനുഷ്യപുത്രിമാരെ വിവാഹം കഴിക്കുന്നതിനു മുമ്പു തന്നെ മല്ലന്മാർ ഉണ്ടായിരുന്നു. നാഫൽ എന്ന ധാതുവിനു വീഴുക. ചാടിവീഴുക എന്നർത്ഥം. നെഫിലീമിനു ആക്രമണകാരികൾ എന്ന അർത്ഥമാണു യുക്തം. ജനത്തിന്റെ മേൽ ചാടിവീണു അവരെ പീഡിപ്പിച്ചതിനാലാണു നെഫിലീം എന്നു അവരെ വിളിക്കുന്നത്. സ്വർഗ്ഗത്തിൽ നിന്നു വീണ എന്ന ധാരണ തെറ്റാണ്. പുരാണത്തിൽ നിന്നു കടമെടുത്ത പദം കൊണ്ടാണു സെപ്റ്റുജിന്റിൽ നെഫിലീമിനെ പരിഭാഷപ്പെടുത്തിയിരിക്കുന്നത്. ദേവന്മാർ ഭൂമിയിൽ വന്നു മനുഷ്യസ്ത്രീകളുമായി വേഴ്ച നടത്തിയതായ പുരാണകഥകളുമായി ഈ സംഭവത്തെ ബന്ധിപ്പിക്കുക മാത്രമേ ഗിഗാന്റെസ് എന്ന പദം ചെയ്യുന്നുള്ളൂ. ഭൂമിയുടെ ദേവിയായ ഗയയുടെയും ദ്യോവിന്റെ ദേവനായ ഇരാണസിന്റെയും മക്കളാണ് ഗിഗാന്റെസ്. ഇവർ ദേവന്മാരോടു പോരാടി സൂയസിനോടൊപ്പം വീണു ഒളിമ്പസിൽ സ്ഥിരവാസമാക്കി. യവനപുരാണകഥയിൽ നിന്നു കടംകൊണ്ട് ഈ പദം ബൈബിൾ വൃത്താന്തത്തെ ആ നിലയിലാക്കുകയാണ്. പരിഭാഷാപദം അവലംബമാക്കി സിദ്ധാന്തസ്ഥാപനം നടത്തുന്നതു ഒരിക്കലും ശരിയല്ല.

മനുഷ്യവർഗ്ഗത്തെ (നോഹയും കുടുംബവും ഒഴികെ) പൂർണ്ണമായി നശിപ്പിച്ച ജലപ്രളയത്തിനു ഉൽപ്പത്തി കണ്ടെത്താൻ കഴിയുന്നതു ദൂതവിവാഹത്തെ അംഗീകരിക്കുന്നതിലൂടെയാണെന്ന വാദവും തെറ്റാണ്. അതിനെ തിരുവെഴുത്തുകൾ അനുകൂലിക്കുന്നില്ല. ദൂത മനുഷ്യസംയോഗത്തിലുണ്ടായ വർഗ്ഗം മാത്രമല്ല, മനുഷ്യവർഗ്ഗം മുഴുവൻ വഷളായതായി തിരുവെഴുത്തുകൾ പ്രസ്താവിക്കുന്നു. ദൂതന്മാരായ പിതാക്കന്മാരുടെ സന്തതി മുഴുവൻ പ്രളയത്തിൽ നശിച്ചു. തന്മൂലം പ്രളയശേഷം ദുഷ്ടത ഉണ്ടാകാൻ പാടില്ലായിരുന്നു. എന്നാൽ മനുഷ്യന്റെ വഷളത്തം പ്രളയത്തിനു മുമ്പുണ്ടായിരുന്നതുപോലെ തന്നെ തുടരുകയാണ് പ്രളയശേഷവും. ഉൽപത്തി 6:5 ഉം 8:21 ഉം ഒത്തുനോക്കുക. ദൈവം ഭൂമിയെ നശിപ്പിക്കാത്തതിനു കാരണം "ഞാൻ ചെയ്തതുപോലെ സകലജീവികളെയും ഇനി നശിപ്പിക്കയില്ല" എന്ന ദൈവത്തിന്റെ വാഗ്ദാനമാണ്.

ദൈവപുത്രന്മാർ ദൈവദൂതന്മാരാണെന്നും ശേത്തിന്റെ സന്തതികളാണെന്നും ഉള്ള രണ്ടു വാദഗതികൾ നാം പരിശോധിക്കുകയുണ്ടായി. ഈ രണ്ടു വാദങ്ങളുടെയും ഇടയ്ക്കുള്ള മറ്റൊരു വ്യാഖ്യാനം കൂടി അടുത്തകാലത്ത് രംഗപ്രവേശം ചെയ്തിട്ടുണ്ട്. അതനുസരിച്ച് ദൈവപുത്രന്മാർ ഭൂതാവിഷ്ടരായ വരേണ്യവർഗ്ഗമാണ്. കീർത്തിക്കും സന്തതി വർദ്ധനവിനും ആർത്തിയുള്ളവരാണ് അവർ. ഭോഗതൃഷ്ണ മുറ്റിനില്ക്കുന്ന ഇവർ കാമം ജ്വലിച്ചു അവലക്ഷണമായതു പ്രവർത്തിക്കുവാൻ മടിക്കാത്തവരാണ്. "അതിന്റെ ശേഷവും ദൈവത്തിന്റെ പുത്രന്മാർ മനുഷ്യരുടെ പുത്രിമാരുടെ അടുക്കൽ ചെന്നിട്ട് അവർ മക്കളെ പ്രസവിച്ചു. ഇവരാകുന്നു പുരാതന കാലത്തെ വീരന്മാർ, കീർത്തിപ്പെട്ട പുരുഷന്മാർ തന്നെ." 8:4. ധാർഷ്ട്യം നിമിത്തം സംസ്കാരത്തിന്റെ അതിരുകൾ ലംഘിക്കുന്ന ഇവർ വീണുപോയ ദൂതന്മാരാൽ ആവിഷ്ടരായ ഏകാധിപതികളും ശക്തന്മാരായ ഭരണാധിപന്മാരും യോദ്ധാക്കളും, മല്ലന്മാരും ആണ്. ഇവർക്കു വലിയ അന്തഃപുരങ്ങളുണ്ട്. തങ്ങളുടെ നിവാസംവിട്ടുപോയ ദൂതന്മാർ മേല്പറഞ്ഞവരിൽ പ്രവേശിക്കുകയും മനുഷ്യപുത്രന്മാരുമായി ബന്ധപ്പെടുകയും ചെയ്തു എന്നാണ് ഈ വാദഗതി ചൂണ്ടിക്കാണിക്കുന്നത്. നിഷ്ഠൂരന്മാരായ രാജാക്കന്മാരിലും പ്രഭുക്കന്മാരിലും കടന്നുകൂടി ഭരണം നടത്തുന്നതും ഇവരാണ്. യെഹ 28:11–19, ദാനി 10:13. രാജാക്കന്മാരെ പൊതുവെ അർദ്ധദൈവങ്ങളായിട്ടാണ് പുരാണങ്ങൾ വർണ്ണിക്കുന്നത്. രാജാക്കന്മാർ ദേവന്മാരുടെ പുത്രന്മാർ ആണ് ഉഗാറിറ്റിക് പുരാണമനുസരിച്ച് ഏൽദേവൻ രണ്ടു മനുഷ്യസ്ത്രീകളെ വശീകരിച്ചു. ഈ ദേവമനുഷ്യസംയോഗത്തിൽ നിന്ന് ഉഷസ്സും സന്ധ്യയും എന്ന രണ്ടു ദേവിമാർ ജനിച്ചു. ദേവമനുഷ്യസംയോഗത്തിൽ ഉണ്ടാകുന്ന മല്ലന്മാരെക്കുറിച്ചുള്ള വർണ്ണന വിശ്വപുരാണ പാരമ്പര്യങ്ങളിൽ സുലഭമാണ്. ഈ ദൈവപുത്രന്മാരെ സക്കൂബസ്, ഇൻക്യൂ ബസ് എന്നീ ഭൂതങ്ങളുമായി ബന്ധപ്പെടുത്തുന്നവരുണ്ട്. സ്ത്രീ രൂപം ധരിച്ച് പുരുഷന്മാരുമായി സംഭോഗം ചെയ്യുമെന്ന് കരുതപ്പെടുന്ന യക്ഷിയാണ് സക്കൂബസ്. പുരുഷരൂപം ധരിച്ച് ഉറങ്ങിക്കിടക്കുന്ന സ്ത്രീകളുമായി സംഭോഗം നടത്തുമെന്ന് കരുതപ്പെടുന്ന ദുർഭൂതമാണ് ഇൻക്യൂബസ്. ഇമ്മാതിരി ദുർഭൂതങ്ങളുമായി ദൈവപുത്രന്മാരെ സാമ്യപ്പെടുത്തുകയാണ് ചിലർ. മുൻപറഞ്ഞ വാദഗതികളിൽ നിന്ന് ഈ വാദത്തിനു വലിയ വ്യത്യാസമൊന്നുമില്ല. പ്രഭുക്കന്മാരെയും രാജാക്കന്മാരെയും സാത്താന്യഗണങ്ങൾ നിയന്ത്രിക്കുന്നു എന്നത് അംഗീകരിക്കപ്പെട്ട സത്യമാണ്. ഭൂതാവിഷ്ടരായ രാജാക്കന്മാർക്കും പ്രഭുക്കന്മാർക്കും ധാരാളം രാജ്ഞിമാരും വെപ്പാട്ടികളും ഉണ്ടെന്നുള്ളതു സത്യമാണ്. ഇവരുമായി ബന്ധപ്പെടുന്നതിന് രാജാക്കന്മാർക്കും പ്രഭുക്കന്മാർക്കും ഭൂതവേശം ഉണ്ടാകണമെന്നില്ല. വലിയ അന്തഃപുരങ്ങൾ യിസ്രായേൽ രാജാക്കന്മാർക്കുണ്ടായിരുന്നത് ഇവർ എന്തു മറുപടിയാണ് നല്കുന്നത്. ഗോത്രപിതാവായ യാക്കോബിന് രണ്ട് ഭാര്യമാരും രണ്ടു വെപ്പാട്ടികളും ഉണ്ടായിരുന്നു. ഗിദെയോനും ദാവീദിനും അനേകം ഭാര്യമാരുണ്ടായിരുന്നു. (ന്യായ 8:31, 2 ശമു 5:13). ശലോമോന് 700 കുലീനപത്നികളും 300 വെപ്പാട്ടികളും ഉണ്ടായിരുന്നു. (1 രാജാ 11:3). രെഹബെയാമിന് 18 ഭാര്യമാരും 60 വെപ്പാട്ടികളും ഉണ്ടായിരുന്നു. (2 ദിന 11:21). ഇവരാരും ഭൂതാവിഷ്ടർ ആയിരുന്നില്ലല്ലോ. ദൈവപുത്രന്മാർ ദുർഭൂതങ്ങളോ യക്ഷിമാരോ ആണെന്ന നിഗമനത്തിലെത്തുന്നത് ദൈവിക അരുളപ്പാടുകളെ അന്ധവിശ്വാസങ്ങളിലേക്കും പുരാണകഥകളിലേക്കും തള്ളിവിടുന്നതിനു തുല്യമാണ്. അതിനാൽ ദൈപുത്രന്മാർ ദൈവസന്തതി അതായതു ശേത്തിന്റെ സന്തതി എന്ന് മനസ്സിലാക്കുകയാണ് യുക്തം.

## സി.എസ്.ഐ, മാർത്തോമാ, ലൂഥറൻ തുടങ്ങിയ പ്രൊട്ടസ്റ്റന്റ് സഭകളുടെ ബിഷപ്പുമാരും, അച്ചന്മാരും, വിശ്വാസികളും കൈക്കൊള്ളേണ്ട പ്രധാന ആലോചനകൾ.

# സഭയിലെ ശുശ്രൂഷകർ

**ആമുഖം**

സഭകളെക്കുറിച്ചും സഭാശുശ്രൂഷകരെക്കുറിച്ചും ഏറെ അപശ്രുതികൾ കേൾക്കുന്ന കാലമാണിത്. രക്ഷയുടെ നിശ്ചയവും ആത്മാക്കളെക്കുറിച്ചുള്ള ദാഹവും നിത്യതയുടെ ദർശനവും ഇല്ലാത്തതിനാൽ അടിമയുടെ ശുശ്രൂഷ ചെയ്യേണ്ടവർ അരചന്റെ ഭരണം പോലെയാക്കി ഇന്നത്തെ ശുശ്രൂഷകളെ. ഈ അവസരത്തിൽ ബൈബിൾ കല്പിക്കുന്ന ഒരു ശുശ്രൂഷകന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിചിന്തനം ചെയ്യുന്നത് ഏറെ അത്യന്താപേക്ഷിതമാണ്. കുഞ്ഞാടുകളും ഇടയന്മാരും വചനത്തിന്റെ മാനദണ്ഡങ്ങളിലേക്ക് മടങ്ങിവരൂ. സഭകളും ശുശ്രൂഷകളും തെളിമയുള്ള വിശുദ്ധിയുടെ പരിമളം പരക്കുന്ന പുണ്യഭൂമികളാകട്ടെ. വീണ്ടും ധ്യാനപൂർവ്വം ഈ ലേഖനം വായിച്ചാലും.

പ്രാദേശികസഭയിൽ രണ്ടു തരത്തിലുള്ള ശുശ്രൂഷകരെയാണ് പുതിയനിയമം അനുശാസിക്കുന്നത്. **മൂപ്പൻ (ഇടയൻ അഥവാ അദ്ധ്യക്ഷൻ), ശുശ്രൂഷകൻ അഥവാ ഡീഖൻ,** സഭയുടെ മേൽവിചാരകത്വം മൂപ്പന്റെ ചുമതലയാണ്. എന്നാൽ ശുശ്രൂഷകളെ ക്രമമായി നിവർത്തിക്കുന്നത് ശുശ്രൂഷകർ അഥവാ ഡീഖന്മാർ ആണ്. ഓരോ സഭയ്ക്കും അദ്ധ്യക്ഷന്മാരും ശുശ്രൂഷകന്മാരും ഉണ്ട്. (ഫിലി 1:1). സഭാപരിപാലനത്തിനും ശുശ്രൂഷയ്ക്കും ദൈവത്മാവ് നിയോഗിച്ചിട്ടുള്ളത് അദ്ധ്യക്ഷന്മാരെയും ശുശ്രൂഷകന്മാരെയുമാണ്. സഭാനടത്തിപ്പുകാരുടെ യോഗ്യതകളെക്കുറിച്ചു പറയുമ്പോൾ അപ്പൊസ്തലൻ ഈ രണ്ടു സ്ഥാനങ്ങളെ മാത്രമേ പരാമർശിക്കുന്നുള്ളൂ. (1 തിമൊ 3:1–13, തീത്തൊ 1:5).

**1. അദ്ധ്യക്ഷൻ**

പ്രാദേശികസഭയിൽ രണ്ടു തരത്തിലുള്ള ശുശ്രൂഷകരുണ്ട്. അദ്ധ്യക്ഷൻ (മൂപ്പൻ അഥവാ ഇടയൻ), ശുശ്രൂഷകൻ (ഡീക്കൻ). സഭയുടെ മേൽവിചാരകത്വം അദ്ധ്യക്ഷന്റെ ചുമതലയാണ്. അദ്ധ്യക്ഷൻ എന്നതിന്റെ ഗ്രീക്കുപദമാണ് എപിസ്ക്കൊപൊസ്. 'മൂപ്പൻ' ഇംഗ്ലീഷിൽ Elder ഉം, ഗ്രീക്കിൽ പ്രെസ്ബുറ്റെറോസും ആണ്. പ്രെസ്ബുറ്ററോസിൽ നിന്നാണ് പ്രസ്ബിറ്റേറിയൻ സഭകൾ ഉണ്ടായത്. ഇടയൻ ഇംഗ്ലീഷിൽ Pastor ആണ്.

അദ്ധ്യക്ഷൻ, മൂപ്പൻ, ഇടയൻ എന്നീ മൂന്നു പ്രയോഗങ്ങളും ഒരേ ഔദ്യോഗിക

സ്ഥാനത്തെ സൂചിപ്പിക്കുന്നു. ഈ മൂന്നു പദങ്ങളുടെയും ആശയം അപ്പൊ 20:17–28 ലുണ്ട്. തീത്തൊ 1:5, 7, 1 തിമൊ 3:1–7, 1 പത്രൊ 5:1–5 തുടങ്ങിയ ഭാഗങ്ങളെല്ലാം മൂന്നു വ്യത്യസ്ത പേരുകളിൽ അറിയപ്പെടുന്നെങ്കിലും അവ ഒരേ ഔദ്യോഗികസ്ഥാനമാണെന്നു വ്യക്തമാക്കുന്നു. ഫിലി 1:1 ൽ വിശുദ്ധന്മാരെയും അദ്ധ്യക്ഷന്മാരെയും ശുശ്രൂഷകന്മാരെയും അപ്പൊസ്തലൻ സംബോധന ചെയ്യുന്നു. മൂപ്പന്മാർ എന്നു പ്രത്യേകം ശുശ്രൂഷ സ്ഥാനികൾ അദ്ധ്യക്ഷന്മാരിൽ നിന്നു ഭിന്നരായി ഉണ്ടായിരുന്നെങ്കിൽ അപ്പൊസ്തലൻ നിശ്ചയമായും അവരെ സംബോധന ചെയ്യുമായിരുന്നു. മൂപ്പൻ പ്രായക്കൂടുതലിനെയും, അനുഭവസമ്പന്നതയെയും, അദ്ധ്യക്ഷൻ മൂപ്പന്റെ വേലയെയും, ഇടയൻ സഭാപരിപാലനത്തെയും സൂചിപ്പിക്കുന്നു.

**യോഗ്യതകൾ :** പ്രാദേശികസഭയിൽ അദ്ധ്യക്ഷനായി അംഗീകരിക്കപ്പെടേണ്ട വ്യക്തിക്കുണ്ടായിരിക്കേണ്ട യോഗ്യതകൾ 1 തിമൊ 3:1–7, തീത്തൊ 1:5–9 എന്നീ ഭാഗങ്ങളിലുണ്ട്. ഈ യോഗ്യതകളെ നാലുഗണങ്ങളായി തിരിക്കാം.

**1. വ്യക്തിപരമായ യോഗ്യതകൾ, അഞ്ചു വിധായക ഗുണങ്ങൾ :** നിരപാദ്യർ (1 തിമൊ 3:2, തീത്തൊ 1:6), നിർമ്മദൻ (1 തിമൊ 3:2, തീത്തൊ 1:8), ജിതേന്ദ്രൻ (1 തിമൊ 3:2, തീത്തൊ 1:8), സുശീലൻ (1 തിമൊ 3:2), ശാന്തൻ (1 തിമൊ 3:3).

**2. ആറു നിഷേധഗുണങ്ങൾ :** മദ്യപ്രിയൻ (1 തിമൊ 3:3, തീത്തൊസ് 1:7), തല്ലുകാരൻ (1 തിമൊ 3:3, തീത്തൊ 1:7), ദ്രവ്യാഗ്രഹി (1 തിമൊ 3:3), കലഹിക്കുന്നവൻ (1 തിമൊ 3:3, തീത്തൊ 1:7), ദുർല്ലഭമോഹി (തീത്തൊ 1:7), തന്നിഷ്ടക്കാരൻ (തീത്തൊ 1:7) എന്നിവർ അരുത്.

**3. സാമൂഹികയോഗ്യതകൾ :** ഏകഭാര്യയുടെ ഭർത്താവ് (1 തിമൊ 3:2, തീത്തൊ 1:6), സ്വന്തകുടുംബത്തെ നന്നായി ഭരിക്കുന്നവൻ (1 തിമൊ 3:4–5), വിശ്വാസികളായ മക്കളുള്ളവൻ (1 തിമൊ 3:4, തീത്തൊ 1:6), അതിഥിപ്രിയൻ (1 തിമൊ 3:2, തീത്തൊ 1:8), പുറമെയുള്ളവരോടു നല്ല സാക്ഷ്യം പ്രാപിച്ചവൻ (1 തിമൊ 3:7).

**ആത്മീയയോഗ്യതകൾ :** സൽഗുണപ്രിയൻ (തീത്തൊ 1:8), പക്വതയുള്ളവൻ (1 തിമൊ 3:6), നീതിമാൻ (തീത്തൊ 1:8) നിർമ്മലൻ (തീത്തൊ 1:8), വിശ്വാസ്യവചനം മുറുകെപ്പിടിക്കുന്നവൻ (തീത്തൊ 1:9), ഉപദേശിക്കാൻ സമർത്ഥൻ (1 തിമൊ 3:2), തീത്തൊ 1:9), വിരോധികൾക്കു പത്ഥ്യോപദേശം ബോധം വരുത്തുവാൻ കഴിയുന്നവൻ (1 തിമൊ 3:2, തീത്തൊ 1:9).

**ഇച്ഛാപരമായ യോഗ്യത :** മനഃപൂർവ്വമായും, ഉന്മേഷത്തോടെയും ചെയ്യുന്നവൻ. (1 പത്രൊ 5:2, 1 തിമൊ 3:1). ഉന്നതമായ സാന്മാർഗ്ഗികനിലവാരം ഒരദ്ധ്യക്ഷനു നിർബന്ധമാണ്.

**വിവാഹബന്ധത്തിൽ വിശ്വസ്തനായും വിശുദ്ധനായും ജീവിക്കുവാൻ അദ്ധ്യക്ഷൻ ബാദ്ധ്യസ്ഥനാണ്. അയാൾ സ്വന്തകുടുംബം നന്നായി ഭരിക്കുകയും മക്കളെ വിശ്വാസത്തിലും പത്ഥ്യോപദേശത്തിലും വളർത്തുകയും ചെയ്യണം.**

**ശുശ്രൂഷകൾ :** ഭരണം, പാലനം, പ്രബോധനം എന്നിവ അദ്ധ്യക്ഷന്റെ കർത്തവ്യത്തിൽപ്പെടുന്നതാണ്. നടത്തുക, നീതിയുടെ വഴികളിലും ഭക്തിമാർഗ്ഗത്തിലും വിശുദ്ധന്മാരെ നടത്തേണ്ടത് തിരുവെഴുത്തുകളിൽ അഭ്യാസം സിദ്ധിച്ചവരും പ്രബോധിപ്പിക്കാൻ സമർത്ഥരും ആയ ആത്മീയപക്വത പ്രാപിച്ച അദ്ധ്യക്ഷന്മാരാണ്. (എബ്രാ 13:7, 17,24).

**മേയ്ക്കുക:** എഫെസോസിലെ അദ്ധ്യക്ഷന്മാരെ അപ്പൊസ്തലൻ ഉപദേശിക്കുകയാണ്. “നിങ്ങളെത്തന്നെയും താൻ സ്വന്തരക്തത്താൽ സമ്പാദിച്ചിരിക്കുന്ന ദൈവത്തിന്റെ സഭയെ മേയ്പാൻ പരിശുദ്ധാത്മാവ് നിങ്ങളെ അദ്ധ്യക്ഷന്മാരാക്കിവെച്ച ആട്ടിൻകൂട്ടം മുഴുവനെയും സൂക്ഷിച്ചുകൊൾവിൻ” (അപ്പോ.പ്ര.20:28).

**മാതൃകയായിരിക്കുക:** അദ്ധ്യക്ഷൻ ഉപദേശിക്കുക മാത്രമല്ല, ഉപദേശം അനുസരിച്ചു ആടുകൾക്കു മാതൃകയായിരിക്കുകയും വേണം. ആട്ടിൻകൂട്ടത്തിനു മാതൃകയായിത്തീർന്നുകൊണ്ട് അദ്ധ്യക്ഷത ചെയ്വാനാണ് (1 പത്രോ 5:3) അപ്പോസ്തലൻ അദ്ധ്യക്ഷന്മാരെ ഉപദേശിക്കുന്നത്.

**പരിപാലിക്കുക:** “സ്വന്തകുടുംബത്തെ ഭരിപ്പാൻ അറിയാത്തവൻ ദൈവസഭയെ എങ്ങനെ പരിപാലിക്കും” (1 തിമൊ 3:5) സ്വന്തം കുടുംബത്തെ ഭരിക്കുവാൻ കഴിയുന്നവർക്കു മാത്രമേ ദൈവകുടുംബത്തെ (സഭയെ) പരിപാലിക്കുവാൻ കഴിയൂ. അദ്ധ്യക്ഷൻ ദൈവത്തിന്റെ ഗൃഹവിചാരകനാണ്. (1 കൊരി 4:1). ഗൃഹവിചാരകൻ വിശ്വസ്തനായിരിക്കേണ്ടതാണ് (1 കൊരി 4:2).

**അദ്ധ്യക്ഷന്മാരുടെ എണ്ണം :** ഓരോ സഭയിലും ഒന്നിലധികം അദ്ധ്യക്ഷന്മാർ ഉണ്ടായിരുന്നതായി പുതിയനിയമം വ്യക്തമാക്കുന്നു. പൗലൊസും ബർന്നബാസും “സഭതോറും അദ്ധ്യക്ഷന്മാരെ നിയമിച്ചു” (അപ്പൊ 14:23). എഫെസോസിൽ നിന്നു സഭയിലെ അദ്ധ്യക്ഷന്മാരെയാണ് വരുത്തിയത്. (അപ്പോ 20:17). ഫിലിപ്പിയയിലെ അദ്ധ്യക്ഷന്മാർക്കാണ് പൗലൊസ് എഴുതിയത്. (ഫിലി 1:1) സഭയിലെ അദ്ധ്യക്ഷന്മാരെ വരുത്താനാണ് യാക്കോബപ്പൊസ്തലൻ (5:14) ഉപദേശിച്ചത്.

**അദ്ധ്യക്ഷന്മാരുടെ നിയമനം :** ആദിമസഭയിലെ നടപടിയനുസരിച്ചു സഭ മുഴുവനായി മൂപ്പന്മാരെ നിയമിച്ചിരുന്നു എന്നു കരുതുകയാണ് യുക്തം. ശുശ്രൂഷയ്ക്കുവേണ്ടി ഏഴു പേരെ നിയമിച്ച (അപ്പൊ 6:1–6) വിധം നോക്കുമ്പോൾ അപ്രകാരമായൊരു ധാരണയ്ക്കാണ് സാദ്ധ്യത കൂടുതൽ. ആത്മാവു ജ്ഞാനവും നിറഞ്ഞ് നല്ല സാക്ഷ്യമുള്ള ഏഴു

പേരെയാണ് നിങ്ങളിൽ തന്നേ തിരഞ്ഞുകൊൾവിൻ എന്നു അപ്പൊസ്തലന്മാർ സഹോദരന്മാരോടു പറഞ്ഞു. അവർ ഏഴുപേരെ തിരഞ്ഞെടുത്തു (അപ്പൊ 6:5), അപ്പൊസ്തലന്മാരുടെ മുമ്പാകെ നിർത്തി. അപ്പോസ്തലന്മാർ പ്രാർത്ഥിച്ചു അവരുടെമേൽ കൈവച്ചു അവരെ നിയമിച്ചു. ഒന്നാം മിഷണറിയാത്രയിൽ പൗലൊസും ബർന്നബാസും സഭകൾക്കു അദ്ധ്യക്ഷന്മാരെ നിയമിച്ചതു ഇതേ വിധത്തിലായിരിക്കണം (അപ്പൊ 14:23) സഭയാണ് അദ്ധ്യക്ഷന്മാരെ നിയമിക്കുന്നത്.

**സഭയ്ക്കുള്ള പ്രതികരണം :** "സഹോദരന്മാരേ, നിങ്ങളുടെ ഇടയിൽ അദ്ധ്വാനിക്കുകയും കർത്താവിൽ നിങ്ങളെ ഭരിക്കയും പ്രബോധിപ്പിക്കുകയും ചെയ്യുന്നവരെ അറിഞ്ഞ് അവരുടെ വേലനിമിത്തം ഏറ്റവും സ്നേഹത്തോടെ വിചാരിക്കേണം എന്ന് നിങ്ങളോട് അപേക്ഷിക്കുന്നു. (1 തെസ്സ 5:12,13). സഭ അദ്ധ്യക്ഷന്മാരെ അറിയണം. അവരുടെ ശുശ്രൂഷയെ ആദരിക്കണം. അവരെ സ്നേഹത്തോടെ വിചാരിക്കണം. അവരെ അനുസരിച്ചു കീഴടങ്ങി ഇരിക്കണം. (എബ്രാ 13:17). അദ്ധ്യക്ഷന്മാരെ വിമർശിക്കുകയോ അവമതിക്കുകയോ ചെയ്യാൻ പാടില്ല. രണ്ടു മൂന്നു സാക്ഷികൾ മുഖേനയല്ലാതെ ഒരദ്ധ്യക്ഷന്റെ നേരേ അന്യായം എടുക്കരുത് (1 തിമൊ 5:19). അവർ ഇരട്ടിമാനത്തിനു യോഗ്യരാണ് (1 തിമൊ 5:17).

**അദ്ധ്യക്ഷന്മാർക്കുള്ള പ്രതിഫലം :** ആട്ടിൻകൂട്ടത്തിനു മാതൃകകളായിത്തീർന്നുകൊണ്ട് അദ്ധ്യക്ഷം ചെയ്വാൻ ഉപദേശിച്ചശേഷം പത്രൊസപ്പൊസ്തലൻ മൂപ്പന്മാർക്കുള്ള പ്രതിഫലം രേഖപ്പെടുത്തുന്നു. "എന്നാൽ ഇടയശ്രേഷ്ഠൻ പ്രത്യക്ഷനാകുമ്പോൾ നിങ്ങൾ തേജസ്സിന്റെ വാടാത്ത കിരീടം പ്രാപിക്കും." (1 പത്രൊ 5:4). സഭയെ മേയ്ക്കുന്നത് പ്രയാസമേറിയതും ശ്രമകരവും ആയ ശുശ്രൂഷയാണ്. പരിഹാസവും നിന്ദയും വിമർശനവും സഹിക്കേണ്ടിവരും. എന്നാൽ ഇതെല്ലാം ഇടയശ്രേഷ്ഠൻ കാണുന്നുണ്ട്.

**2. ശുശ്രൂഷകൻ**

ശുശ്രൂഷകനെക്കുറിക്കുന്ന ഡയകൊനൊസ് എന്ന ഗ്രീക്കുപദം പുതിയനിയമത്തിൽ മുപ്പതോളം സ്ഥാനങ്ങളിലുണ്ട്. അനുബന്ധപദങ്ങളായ ഡയകൊനെയാ (ശുശ്രൂഷിക്കുക), ഡയകൊനിയ (ശുശ്രൂഷ) എന്നിവ എഴുപതോളം പ്രാവശ്യം പുതിയനിയമത്തിലുണ്ട്. എന്നാൽ അധികസ്ഥാനങ്ങളിലും ഒരു പ്രത്യേക ഔദ്യോഗികസ്ഥാനമായി ശുശ്രൂഷയെ കാണുന്നില്ല. ചിലേടങ്ങളിൽ മാത്രം ഒരു പ്രത്യേക ശുശ്രൂഷാപദവിയെ ഇത് ചൂണ്ടിക്കാണിക്കുന്നു. ഡയകൊനൊസ് ഒരു സേവകനാണ്; മേശയിൽ സേവനം ചെയ്യുന്നവൻ അഥവാ പരിചാരകൻ. യവന കാലഘട്ടത്തിൽ ചില മതവിഭാഗങ്ങളിലെ ക്ഷേത്രോദ്യാഗസ്ഥന്മാരെ ഈ പദം വിവക്ഷിച്ചിരുന്നു. ഈ പദത്തിന്റെ സാമാന്യമായ ആശ്രയമാണ്

പുതിയനിയമത്തിൽ അധികവും കാണുന്നത്. (മത്തായി 22:13) ൽ രാജാവിന്റെ ശുശ്രൂഷക്കാർ. (1 തെസ്സ 3:2) ദൈവത്തിന്റെ ശുശ്രൂഷകൻ. എപ്പഫ്രാസിനെ ക്രിസ്തുവിന്റെ ശുശ്രൂഷകനെന്നും താൻ സഭയുടെയും സുവിശേഷത്തിന്റെയും ശുശ്രൂഷകനെന്നും (കൊലൊ 1:7,23,25) പൗലൊസ് ഒരേ ഭാഗത്തു പറയുന്നുണ്ട്.

അപ്പൊസ്തലനായ പൗലൊസ് ഫിലിപ്പിയയിലെ സഭയോടൊപ്പം അദ്ധ്യക്ഷന്മാരെയും ശുശ്രൂഷകന്മാരെയും വന്ദിക്കുന്നു. (ഫിലി 1:1). സഭയിൽ അദ്ധ്യക്ഷന്മാർ, ശുശ്രൂഷകന്മാർ എന്നിങ്ങനെ രണ്ട് ഔദ്യോഗികപദവികൾ നാം കാണുന്നു. ശുശ്രൂഷകന്മാരുടെ ഔദ്യോഗിക പദവി എങ്ങനെ നിലവിൽ വന്നുവെന്നു നമുക്കറിയില്ല. ശുശ്രൂഷകരുടെ യോഗ്യതകളെക്കുറിച്ചുള്ള വ്യക്തമായ വിവരണം (1 തിമൊ 3:8–13) ൽ നല്കിയിട്ടുണ്ട്. വ്യക്തിപരമായി ശുശ്രൂഷകന്മാർ ഘനശാലികളും അനിന്ദ്യരും ആയിരിക്കണം. ഇരുവാക്കുകാർക്കും, മദ്യപർക്കും, ദുർല്ലാഭമോഹികൾക്കും 3നിർദ്ദേശം നല്കി. ദൈവദൂഷണത്തിനു ഹൂമനയൊസിനെയും അലെക്സന്തരിനെയും ശിക്ഷിച്ചു (1 തിമൊ 1:20).

## ശിക്ഷണ നടപടി

കുറ്റത്തിന്റെ സ്വഭാവമനുസരിച്ചുള്ള ശിക്ഷണക്രമം തിരുവെഴുത്തുകളിലുണ്ട്.

**1. തെറ്റിൽ അകപ്പെട്ടുപോയാൽ :** മനഃപൂർവ്വം തെറ്റുചെയ്യുന്ന വ്യക്തിയെയല്ല, മറിച്ച് തെറ്റിൽ വീണുപോകുന്ന വ്യക്തിയെയാണ് ഇവിടെ വിവക്ഷിക്കുന്നത്. അശ്രദ്ധമൂലം തെറ്റിൽ വീണുപോയ വ്യക്തിയെ യഥാസ്ഥാനപ്പെടുത്തുവാനാണ് തിരുവെഴുത്തുകൾ ആവശ്യപ്പെടുന്നത്. "സഹോദരന്മാരേ, ഒരു മനുഷ്യൻ വല്ല തെറ്റിലും അകപ്പെട്ടുപോയാൽ ആത്മീകരായ നിങ്ങൾ അങ്ങനെയുള്ളവനെ സൗമ്യതയുടെ ആത്മാവിൽ യഥാസ്ഥാനപ്പെടുത്തുവിൻ; നീയും പരീക്ഷയിൽ അകപ്പെടാതിരിപ്പാൻ സൂക്ഷിച്ചുകൊൾക" (ഗലാത്യർ 6:1). യഥാസ്ഥാനശുശ്രൂഷ ചെയ്യേണ്ടത് സൗമ്യതയുടെ ആത്മാവിലും സഹോദരസ്നേഹത്തിലും ആണ്. ആത്മീയനായ ഒരു വ്യക്തിക്കേ ഈ ശുശ്രൂഷ ചെയ്യാൻ കഴിയൂ.

**2. സഹോദരൻ നിന്നോടു പിഴെച്ചാൽ :** ഒരു സഹോദരൻ മറ്റൊരു സഹോദരനോടു ചെയ്യുന്ന തെറ്റിനു ഒരിക്കലും കോടതിയിൽ വ്യവഹാരവുമായി പോകാൻ പാടില്ല. (1 കൊരി 6:1). "അല്ല, സഹോദരൻ സഹോദരനോടു വ്യവഹരിക്കുന്നു; അതു അവിശ്വാസികളുടെ മുമ്പിൽ തന്നെ. നിങ്ങൾക്കു തമ്മിൽ വ്യവഹാരം ഉണ്ടാകുന്നതുതന്നെ കേവലം പോരായ്മ ആകുന്നു. അതിനുപകരം നിങ്ങൾ അന്യായം സഹിച്ചുകൊള്ളാത്തതു എന്ത്? നഷ്ടം ഏറ്റുകൊള്ളാത്തതും എന്ത്? അല്ല നിങ്ങൾ അന്യായം ചെയ്യുകയും നഷ്ടംവരുത്തുകയും ചെയ്യുന്നു; അതും സഹോദരന്മാർക്കു തന്നെ" (1 കൊരി 6:6–8) സഹോദരനോടു പിഴെച്ചാൽ എടുക്കേണ്ടുന്ന നടപടിയുടെ ക്രമം ക്രിസ്തു തന്നെ വ്യക്തമാക്കിയി

ട്ടുണ്ട്. (മത്തായി 18:15–20).

**സ്വകാര്യമായ പരിഹാരമാർഗ്ഗം :** കുറ്റം ചെയ്ത സഹോദരന്റെ അടുക്കൽ ചെന്നു അവന്നു ബോധം വരുത്തേണ്ടതാണ്. അവൻ മാനസാന്തരപ്പെട്ടാൽ അവനോടു ക്ഷമിക്ക. "അവൻ നിന്റെ വാക്കു കേട്ടാൽ നീ സഹോദരനെ നേടി" (മത്തായി 18:15).

**രണ്ടോ മൂന്നോ സാക്ഷികളുമായി :** കുറ്റം ചെയ്ത സഹോദരൻ സ്വകാര്യമായി അതു പരിഹരിക്കുവാൻ കൂട്ടാക്കിയില്ലെങ്കിൽ രണ്ടോ മൂന്നോ സാക്ഷികളുമായി അവന്റെ അടുക്കൽ വീണ്ടും ചെല്ലേണ്ടതാണ്. ഈ സാക്ഷികൾ കുറ്റംചെയ്ത സഹോദരനോടു അവന്റെ കുറ്റം സാക്ഷ്യപ്പെടുത്തണം. അവൻ മാനാസാന്തരപ്പെട്ടില്ലെങ്കിൽ സാക്ഷികൾ അവന്റെ കുറ്റത്തെക്കുറിച്ച് സഭയുടെ മുമ്പിൽ സാക്ഷി പറയേണ്ടതാണ്. "കേൾക്കാഞ്ഞാലോ രണ്ടുമൂന്നു സാക്ഷികളുടെ വായാൽ സകലകാര്യവും ഉറപ്പാക്കേണ്ടതിനു ഒന്നു രണ്ടുപേരെ കൂട്ടിക്കൊണ്ടുചെല്ലുക" (മത്തായി 18:16).

**സഭയുടെ വിധി :** അവരെ കൂട്ടാക്കാഞ്ഞാൽ സഭയോടു അറിയിക്ക, സഭയെയും കൂട്ടാക്കാഞ്ഞാൽ അവൻ നിനക്കു പുറജാതിക്കാരനും ചുങ്കക്കാരനും എന്നപോലെ ഇരിക്കട്ടെ. നിങ്ങൾ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗ്ഗത്തിലും അഴിഞ്ഞിരിക്കും എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു. (മത്തായി 18:17–18). കുറ്റം ചെയ്തവർ സാക്ഷികളെയും കൂട്ടാക്കുന്നില്ലെങ്കിൽ അതു സഭയുടെ മുമ്പാകെ കൊണ്ടുവരേണ്ടതാണ്. സാക്ഷികൾ തങ്ങളുടെ സാക്ഷ്യം സഭയ്ക്കു നല്കും. ഇരുപക്ഷവും അവതരിപ്പിക്കുന്ന വസ്തുതകൾ ശരിക്കു മനസ്സിലാക്കിയശേഷം സഭ തീരുമാനമെടുക്കും. സഭയെ കൂട്ടാക്കിയില്ലെങ്കിൽ അവൻ ആരോടാണോ പിഴച്ചത് അവനു പുറജാതിക്കാരനും ചുങ്കക്കാരനും എന്നപോലെ ഇരിക്കും. ഇവിടെ സഭാഭ്രഷ്ട് കല്പിക്കാൻ ഉപദേശിക്കുന്നില്ല.

**ക്രമംകെട്ടു നടക്കുന്ന സഹോദരൻ :** "സഹോദരന്മാരേ, ഞങ്ങളോടു പ്രാപിച്ച് പ്രമാണം വിട്ട് ക്രമം കെട്ടുനടക്കുന്ന ഏതു സഹോദരനോടും അകന്നുകൊള്ളേണം എന്നു നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ ഞങ്ങൾ നിങ്ങളോടു ആജ്ഞാപിക്കുന്നു." (2 തെസ്സ 3:6). ക്രമം കെട്ടുനടക്കുന്നവരോടു അകന്നു കൊള്ളേണ്ടതാണ്. അനുസരിക്കാത്തവൻ നാണിക്കേണ്ടതിനു അവനോടുള്ള സംസർഗ്ഗം വിട്ട് അവനെ വേർപെടുത്തണം. (2 തെസ്സ 3:14). എങ്കിൽ തന്നെയും ശത്രുവായി കരുതാതെ സഹോദരൻ എന്നുവച്ചു അവനെ ബുദ്ധിയുപദേശിക്കയാണ് ചെയ്യേണ്ടത്. (2 തെസ്സ 3:15). ബുദ്ധിയുപദേശം നിഷേധിക്കുന്ന ക്രമം കെട്ടുനടക്കുന്ന സഹോദരനെ ശേഷമുള്ളവർക്കു ഭയത്തിനായി എല്ലാവരും കേൾക്കെ ശാസിക്കേണ്ടതാണ്. (1 തിമൊ 5:20).

**സഭയിൽ ഭിന്നത ഉണ്ടാക്കുന്നവർ :** സഭയിൽ ദ്വന്ദ്വപക്ഷങ്ങളും ഇടർച്ചകളും

ഉണ്ടാക്കുന്നവരെ സൂക്ഷിക്കേണ്ടതാണ്. അവരോട് അകന്നു മാറേണ്ടത് ആരോഗ്യകര മായ കൂട്ടായ്മയ്ക്ക് അത്യാന്താപേക്ഷിതമാണ്. ചക്കരവാക്കും മുഖസ്തുതിയും പറഞ്ഞ് അവർ സാധുക്കളുടെ ഹൃദയങ്ങളെ വഞ്ചിക്കുന്നു. അവർ സേവിക്കുന്നത് കർത്താവി നെയല്ല, പ്രത്യുത തങ്ങളുടെ വയറ്റിനെയത്രേ. ചക്കരവാക്കും മുഖസ്തുതിയും പറഞ്ഞു സാധുവിശ്വാസികളെ കബളിപ്പിക്കുന്നവരെ സഭയിലെ ഒരു ശുശ്രൂഷയിലും തുടരാനനു വദിച്ചുകൂടാ (റോമർ 16:16,17).

**ദുർന്നടപ്പുകാർ :** വളരെ ഗൗരവമായ പാപമാണ് ദുർന്നടപ്പ്. ജാതികളിൽപോലും ഇല്ലാത്ത ദുർന്നടപ്പാണ് (1 കൊരി 5:1) വിശ്വാസികളുടെ ഇടയിൽ. “നിങ്ങളുടെ ഇടയിൽ ദുർന്നടപ്പുണ്ടെന്നു കേൾക്കുന്നു. ഒരുത്തൻ തന്റെ അപ്പന്റെ ഭാര്യയെ വച്ചുകൊള്ളുന്നു പോൽ; അതു ജാതികളിൽ പോലും ഇല്ലാത്ത ദുർന്നടപ്പുതന്നെ.” ആ ദുഷ്ടനെ നിങ്ങ ളുടെ ഇടയിൽ നിന്നു നീക്കിക്കളവിൻ (1 കൊരി 5:13) എന്നാണ് അപ്പൊസ്തലൻ ഉപദേ ശിക്കുന്നത്. ശരിയായ ശിക്ഷണനടപടി എടുക്കാത്തതിനു അപ്പൊസ്തലൻ സഭയെ കുറ്റ പ്പെടുത്തി. “എന്നിട്ടും നിങ്ങൾ ചീർത്തിരിക്കുന്നു: ഈ ദുഷ്കർമ്മം ചെയ്തവനെ നിങ്ങ ളുടെ ഇടയിൽ നിന്നു നീക്കുവാൻ സഭ കാണിക്കുന്ന ഉദാസീനഭാവം ശ്രദ്ധിക്കേണ്ടതാ ണ്. ഇമ്മാതിരി കൊടിയ ദുഷ്കർമ്മം ചെയ്തതിനു പരസ്യമായ തെളിവില്ലെന്നാണ് പല പ്പോഴും ഈ ഉദാസീനതയെ സാധൂകരിക്കാൻ ചൂണ്ടിക്കാണിക്കുന്ന കുത്സിതമായ യുക്തി. അപ്പൊസ്തലന്റെ വാക്കുകേൾക്കുക. “നിങ്ങളുടെ ഇടയിൽ ദുർന്നടപ്പു ഉണ്ടെന്നു കേൾക്കു ന്നു.” “ആ ദുഷ്ടനെ നിങ്ങളുടെ ഇടയിൽ നിന്നു നീക്കിക്കളവിൻ.” ദുഷ്ക്കർമ്മം ചെയ്ത വനെ ജഡസംഹാരത്തിനായി സാത്താനെ ഏല്പിക്കണം. സഭയ്ക്കു പുറത്തുള്ള ലോകം സാത്താന്റെ അധീനതയിലാണ്. സഭയിൽ നിന്നു പുറത്താക്കുന്നതാണ് സാത്താനെ ഏല്പിക്കൽ.

**സഭാഭ്രഷ്ടു കല്പിക്കേണ്ട മറ്റു പാപങ്ങൾ :** “എന്നാൽ സഹോദരൻ എന്നു പേർപെട്ട ഒരുവൻ ദുർന്നടപ്പുകാരനോ, അത്യാഗ്രഹിയോ, വിഗ്രഹാരാധിയോ, വാവി ഷ്ഠാണക്കാരനോ, മദ്യപനോ, പിടിച്ചുപറിക്കാരനോ ആകുന്നു എങ്കിൽ അവനോടു സംസർഗ്ഗം അരുത്; അങ്ങനെയുള്ളവനോടു കൂടെ ഭക്ഷണം കഴിക്ക പോലും അരുത് എന്നത്രേ ഞാൻ നിങ്ങൾക്കു എഴുതിയത്” (1 കൊരി 5:11).

**ദുരുപദേഷ്ടാക്കന്മാർ :** ദുരുപദേഷ്ടാക്കന്മാരെ സഭയിൽ നിന്നു പുറത്താക്കേ ണ്ടതാണ്. വിശ്വാസക്കപ്പൽ തകർന്നു പോയവർ സഭയിൽ തുടരാൻ പാടില്ല. ഹുമന യൊസ്, അലെക്സന്തർ എന്നിവരെ ദുരപദേശത്തിന്റെ പേരിൽ ദൈവദൂഷണം പറയാ തിരിപ്പാൻ പഠിക്കേണ്ടതിന്നു അപ്പൊസ്തലൻ അനേകരുടെ വിശ്വാസം തെറ്റിച്ചു. (2 തിമൊ 2:16–18). അലെക്സന്തർ അപ്പൊസ്തലന്റെ ഉപദേശത്തെ നേരിട്ടെതിർത്തു. “ചെമ്പുപ

ണിക്കാരൻ അലെക്സന്തർ എനിക്കു വളരെ ദോഷം ചെയ്തു; അവന്റെ പ്രവൃത്തികൾക്കു തക്കവണ്ണം കർത്താവ് അവനു പകരം ചെയ്യും. അവൻ നമ്മുടെ പ്രസംഗത്തോടു അത്യന്തം എതിർത്തുനിന്നതുകൊണ്ട് നീയും അവനെ സൂക്ഷിച്ചുകൊൾക" (2 തിമൊ 4: 14,15).

**അരുതാത്തത് ഉപദേശിക്കുന്നവർ :** വൃഥാവാചാലന്മാരും, വഞ്ചകന്മാരും ആയി വഴ ങ്ങാത്തവരാണ് അരുതാത്തത് ഉപദേശിക്കുന്നത്. പ്രാദേശികസഭകളിൽ ഇക്കൂട്ടർ വള രെയധികം ദോഷം ചെയ്യും. തിരുവെഴുത്തുകളിൽ നിന്നും അവരുടെ ഉപദേശത്തിന്റെ പൊള്ളത്തരം വ്യക്തമാക്കിക്കൊടുക്കേണ്ടതാണ്. സ്ഥാനത്തും അസ്ഥാനത്തും കയറി ഉപദേഷ്ടാക്കന്മാരുടെ ഭാവത്തിൽ കുടുംബങ്ങളെ തെറ്റിക്കുന്ന ഇവരെ തിരുവെഴുത്തു കളെക്കൊണ്ട് ബോദ്ധ്യം വരുത്തുക പ്രയാസമാണ്. തെറ്റ് വ്യക്തമാക്കിക്കൊടുത്താലും അതേ തെറ്റ് തുടർന്നും പഠിപ്പിക്കുന്ന വിശ്വാസികളെ താക്കീതു നല്കി അവരുടെ വായ് അടയ്ക്കേണ്ടതാണ്. അടുത്തപടിയായി അവരെ കഠിനമായി ശാസിക്കണം. (തീത്തൊസ് 1:14). ഇങ്ങനെ ഒന്നുരണ്ടുവട്ടം ബുദ്ധിപറഞ്ഞശേഷം അവനെ ഒഴിച്ചുവിടേണ്ടതാണ്. (തീത്തൊ 3:10). ഇങ്ങനെയുള്ളവർ വക്രബുദ്ധിയായി പാപം ചെയ്ത് തന്നെത്താൻ കുറ്റം വിധിക്കുന്നു (തീത്തൊ 3:11).

### ശിക്ഷണത്തിനു പിന്നിലെ മനോഭാവം

സ്നേഹത്തിലും താഴ്മയിലും ആയിരിക്കണം ശിക്ഷണനടപടി കൈക്കൊള്ളേ ണ്ടത്. കോപവും വൈരാഗ്യവും ഒരിക്കലും അതിനു പിന്നിൽ പ്രവർത്തിക്കരുത്. സഭ യുടെ കർത്താവ്, തന്റെ ആത്മാവിലൂടെ, സ്വന്തജനത്തിന്മേൽ ശിക്ഷണം നടത്തുകയാ ണെന്ന സത്യം ഒരിക്കലും മറക്കരുത്. കർത്താവ് തന്റെ മക്കളോടിടപെടുന്നത് സ്നേഹ ത്തിലും കൃപയിലുമാണ്. പാപം ചെയ്യുമ്പോഴും ദൈവം അവരുടെമേൽ കൃപാകടാക്ഷം ചൊരിയുകയാണ്. ഒരു വ്യക്തിയെ നശിച്ചുപോകാതെ യഥാസ്ഥാനപ്പെടുത്താനാണ് കർത്താവ് ശ്രമിക്കുന്നത്. തെറ്റു ചെയ്തവനെ നേടുക എന്ന ഉദ്ദേശ്യത്തോടുകൂടെ മാത്രമേ ശിക്ഷണം നടത്താവൂ. അപ്പൊസ്തലന്റെ ഉപദേശം ഇതത്രേ: "സഹോദരന്മാരെ, ഒരു മനുഷ്യൻ വല്ല തെറ്റിലും അകപ്പെട്ടുപോയെങ്കിൽ ആത്മീകരായ നിങ്ങൾ അങ്ങനെയു ള്ളവരെ സൗമ്യതയുടെ ആത്മാവിൽ യഥാസ്ഥാനപ്പെടുത്തുവിൻ; നീയും പരീക്ഷയിൽ അകപ്പെടാതിരിപ്പാൻ സൂക്ഷിച്ചുകൊൾക" (ഗലാത്യർ 6:1) ഒരു സഹോദരന്റെ കുറ്റം ചൂണ്ടി ക്കാണിക്കുമ്പോൾ മറ്റുള്ളവർക്കും ഇതേകുറ്റം ഉണ്ടാകുമെന്നതിനെ ചൂണ്ടിക്കാണിക്കേ ണ്ടതാണ്. ഒരു വ്യക്തിയുടെ മേൽ ഏതു വിധമുള്ള ശിക്ഷണനടപടി സ്വീകരിച്ചാലും ക്ഷമിക്കുവാനുള്ള ഒരുക്കം സഭയ്ക്കു ഉണ്ടായിരിക്കണം. ശിക്ഷണവിധേയനായ ഒരു വ്യക്തിയെക്കുറിച്ച് പൗലൊസപ്പൊസ്തലൻ പറയുകയാണ് "അവന്നു ഭൂരിപക്ഷത്താൽ

ഉണ്ടായ ഈ ശിക്ഷമതി. അവൻ അതിദുഃഖത്തിൽ മുങ്ങിപ്പോകാതിരിക്കേണ്ടതിന് നിങ്ങൾ അവനോടു ക്ഷമിക്കയും അവനെ ആശ്വസിപ്പിക്കയും തന്നെ വേണ്ടത്. അതുകൊണ്ടു നിങ്ങളുടെ സ്നേഹം അവനു ഉറപ്പിച്ചുകൊടുപ്പാൻ ഞാൻ നിങ്ങളോടു അപേക്ഷിക്കുന്നു" (2 കൊരി 2:6–8).

**ശിക്ഷണത്തിന്റെ ഫലം**

ശിക്ഷണം നിഷേധരൂപമായി തോന്നുമെങ്കിലും അതിന്റെ ഫലം വിധായകമാണ്. അത് വ്യക്തിയെ സംസ്കരിക്കുകയും പ്രാദേശികസഭയെ നിർമ്മലമാക്കുകയും ചെയ്യുന്നു. ശിക്ഷ പ്രയോജനത്തിനും ഗുണീകരണത്തിനും വേണ്ടിയുള്ളതാണ്. സഹോദരനെ നേടുക എന്നതാണ് അതിന്റെ പ്രധാന ലക്ഷ്യം. (മത്തായി 18:15, 2 തെസ്സ 3:15).

ആത്മാവ് രക്ഷിക്കപ്പെടുക (1 കൊരി 5:55), ദൂഷണം പറയാതിരിക്കാൻ പഠിക്കുക (1 തിമൊ 1:20) എന്നിങ്ങനെ വ്യാപകമായ ഫലങ്ങൾ ശിക്ഷണത്തിലൂടെ വ്യക്തികൾക്കു ലഭിക്കുന്നു.

സഭയിൽ പാപം യഥാസമയം കണ്ടെത്തി മാറ്റിയില്ലെങ്കിൽ അത് അർബുദവ്യാധി പോലെ സഭയെ മുഴുവൻ ബാധിക്കുകയും നാശവിധേയമാക്കുകയും ചെയ്യുന്നു. അസാരം പുളിമാവ് പിണ്ഡത്തെ മുഴുവനും പുളിപ്പിക്കുന്നു. (1 കൊരി 5:6). ദൈവമന്ദിരമെന്ന നിലയിലുള്ള സഭയുടെ സ്വന്തം നിലനില്പിനു ശിക്ഷണം ഒഴിച്ചുകൂടാനാവില്ല. ശിക്ഷണം സഭയെ അധികം ദുഷിക്കാതെ കാത്തുസൂക്ഷിക്കുന്നു.

**ഉപസംഹാരം :** വിശ്വാസികളും ശുശ്രൂഷകരും വചനം നൽകുന്ന കല്പന അനുസരിച്ച് തങ്ങളെത്തന്നെ ശോധന ചെയ്യുവാനും തിരുത്തുവാനും ദൈവം സഹായിക്കട്ടെ. അങ്ങനെ വിശുദ്ധിയുടെ വിളനിലങ്ങളായി നമ്മുടെ കൂടിവരവുകൾ മാറട്ടെ. അത്തരത്തിലുള്ള അവസ്ഥ സംജാതമാകുമ്പോൾ പുറമേയുള്ളവർ പറയും: "ദൈവം വാസ്തവമായി നിങ്ങളുടെ ഇടയിൽ ഉണ്ട് (1 കൊരി 14:25)"!

## ജാമക്കാരൻ PDF ൽ

ജാമക്കാരൻ PDF ൽ വായിക്കാനും, Download ചെയ്യാനും, കോപ്പികൾ എടുത്ത് വിതരണം ചെയ്യാനും ആഗ്രഹിക്കുന്നവർ നിങ്ങളുടെ ഇ–മെയിൽ ഐ.ഡി ഞങ്ങളുടെ ഇ–മെയിൽ വിലാസത്തിലേക്ക് അയച്ചുതന്നാലും. അത് മാസിക കൈയ്യിൽ ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാനും, format ചെയ്ത് അനേകർക്ക് എത്തിച്ച് ഈ ശുശ്രൂഷയെ സഹായിക്കാനുമാകും.

# സുവിശേഷം

Gospel – എവാങ്ഗെലിയൊൻ എന്ന ഗ്രീക്കുപദത്തിന് സുവാർത്ത എന്നർത്ഥം. ക്ലാസിക്കൽ ഗ്രീക്കിൽ നല്ല വാർത്തയ്ക്കു നൽകുന്ന പ്രതിഫലത്തിനാണ് ഈ വാക്കുപ യോഗിക്കുന്നത്. പുതിയനിയമത്തിലും ആദിമക്രൈസ്തവസാഹിത്യത്തിലും സുവാർത്ത യ്ക്കാണ് എവാങ്ഗെലിയൊൻ എന്ന പദം പ്രയോഗിച്ചിട്ടുള്ളത്. പുതിയനിയമത്തിൽ സുവിശേഷം എന്ന പദം 75 തവണ ഉണ്ട്. സുവിശേഷം ഒരു പുതിയനിയമപദമാണെ ങ്കിലും അതിന്റെ ആശയം പഴയനിയമത്തിൽത്തന്നെ യുണ്ട്. ക്രിസ്തുവിന്റെ ജനനത്തിനു ഏഴുനൂറ്റാണ്ടുകൾക്കു മുൻപു യെശയ്യാപ്രവാചകൻ വീണ്ടെടുപ്പുകാരൻ സിയോനിലേക്കു വരുമെന്നും എളിയവരോടു സദ്വർത്തമാനം ഘോഷിക്കുമെന്നും പ്രവചിച്ചു (യെശ 61:1,2). **"സമാധാനത്തെ ഘോഷിച്ചു നന്മയെ സുവിശേഷിക്കയും രക്ഷയെ പ്രസിദ്ധമാക്കു കയും സീയോനോടു: നിന്റെ ദൈവം വാഴുന്നു എന്നു പറയുകയും ചെയ്യുന്ന സുവാർത്ത ദൂതന്റെ കാൽ പർവ്വതങ്ങളിന്മേൽ എത്ര മനോഹരം!"** (യെശ 52:7). യെരു ശലേമിനെയും സീയോനെയും സുവാർത്താദൂത് എന്നു വിളിക്കുന്നു. (യെശ 40:9).

സുവിശേഷകന്മാരിൽ മത്തായിയും മർക്കൊസുമാണ് എവാങ്ഗെലിയൊൻ എന്ന പദം പ്രയോഗിക്കുന്നത്. അതിന്റെ ക്രിയാരൂപം ലൂക്കൊസിലും അപ്പൊ.പ്രവൃത്തികളി ലുമായി 26 പ്രാവശ്യം ഉണ്ട്. യോഹന്നാന്റെ സുവിശേഷത്തിൽ നാമമോ ക്രിയയോ ഇല്ല. **യിസ്രയേല്യരോടുള്ള വാഗ്ദാനങ്ങൾ ക്രിസ്തുയേശുവിൽ ദൈവം നിവർത്തിച്ചതി ന്റെയും എല്ലാവർക്കുമായി രക്ഷാമാർഗ്ഗം തുറന്നതിന്റെയും സുവാർത്തയാണ് സുവി ശേഷം.** ക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി തിരുവെഴുത്തുകളിൻ പ്രകാരം മരിച്ചു അടക്കപ്പെട്ടു തിരുവെഴുത്തുകളിൽ മൂന്നാംനാൾ ഉയിർത്തെഴുന്നേറ്റു എന്നതാണ് സുവി ശേഷം. (1 കൊരി 15:3,4). ദാവീദിന്റെ സന്തതിയായി ജനിച്ചു മരിച്ചിട്ട് ഉയിർത്തെഴുന്നേറ്റി രിക്കുന്ന യേശുക്രിസ്തുവിനെ ഓർത്തുകൊൾക അതാകുന്നു എന്റെ സുവിശേഷം (2 തിമൊ 2:6) എന്നു പൗലൊസ് അന്യത്ര വിശദമാക്കിയിട്ടുണ്ട്.

മനുഷ്യന്റെ രക്ഷയ്ക്കായി സുവിശേഷത്തിലൂടെ പരിശുദ്ധാത്മാവ് പ്രവർത്തിക്കു ന്നു. (റോമർ 1:15,16). സുവിശേഷത്തിൽ വിശ്വസിക്കുന്നതു രക്ഷയും സുവിശേഷത്തെ തള്ളിക്കളയുന്നതു നിത്യനാശവുമാണ്. (മർക്കൊസ് 16:15,16). സുവിശേഷം ക്രിസ്തുവി നോടുകൂടെയാണ് വന്നതെങ്കിലും അബ്രഹാമിനു ദൈവം നല്കിയ അനുഗ്രഹവാഗ്ദാ നത്തിലും (ഗലാ 3:8) പ്രവാചക എഴുത്തുകളിലും (റോമ 1:2) അതു ഉൾക്കൊണ്ടിരിക്കു ന്നു. സുവിശേഷം വന്നതു ശക്തിയോടെയാണ് (1 തെസ്സ 1:5), മാത്രവുമല്ല സുവിശേഷം ദൈവശക്തി തന്നെയാണ്. (റോമ 1:10). സുവിശേഷത്തെ ദൈവത്തിന്റെ സുവിശേഷം

(1 തെസ്സ 2:2,9), ദൈവകൃപയുടെ സുവിശേഷം (അപ്പൊ 20:24), സമാധാന സുവിശേഷം (എഫെ 1:13), തേജസ്സുള്ള സുവിശേഷം (2 കൊരി 4:4) എന്നിങ്ങനെ വിളിക്കുന്നു. ക്രിസ്തുവും (മത്താ 1:15) സുവിശേഷകന്മാരും (അപ്പൊ 8:25) സുവിശേഷം പ്രസംഗിച്ചു. എ.ഡി.150–നു ശേഷമാണ് പുതിയനിയമത്തിലെ ആദ്യത്തെ നാലു പുസ്തകങ്ങൾക്കും സുവിശേഷങ്ങൾ എന്ന പേരു ലഭിച്ചത്.

## നാലുവിധ സുവിശേഷങ്ങളെക്കുറിച്ചു തിരുവെഴുത്തു പറയുന്നു

**1. രാജ്യത്തിന്റെ സുവിശേഷം :** അത് ആദ്യം യോഹന്നാൻ സ്നാപകൻ ഒരുക്കത്തിനായി മുന്നോടിയായി പ്രസംഗിച്ചു തുടങ്ങിയതും (മത്തായി 3:1–3) തുടർന്നു കർത്താവു വ്യക്തമായി പ്രസംഗിച്ചതും ആകുന്നു. (മർക്കൊ 1:14,15). ദൈവരാജ്യത്തിന്റെ സുവിശേഷം പ്രസംഗിച്ചതായി അവിടെ കാണുന്നു. തുടർന്നു എഴുപതു ശിഷ്യന്മാരെ അയച്ചു കർത്താവു പ്രസംഗിപ്പിച്ചതും ആ സുവിശേഷം തന്നെ (ലൂക്കൊ 10:1–16). രാജ്യം സ്ഥാപിക്കുവാൻ യഹൂദന്മാരുടെ മശിഹയായി കർത്താവ് വന്ന വിവരം അറിയിച്ച സദ്വർത്തമാനമായിരുന്നു അത്. പക്ഷേ, കർത്താവിനെ അവർ നിഷേധിച്ചതോടുകൂടെ പ്രസ്തുത പ്രഖ്യാപനവും നിറുത്തിവച്ചു. അത് ഇനിയും മഹാപീഡനകാലത്തു തുടരും (മത്തായി 24:14).

**2. കൃപയുടെ സുവിശേഷം :** (അപ്പോ.പ്ര.20:24). യാതൊരു പ്രവൃത്തിയും കൂടാതെ പാപി നൊടിയിടയിൽ രക്ഷിക്കപ്പെടുമെന്നുള്ള ഇന്നത്തെ സുവിശേഷമാണിത്. അത് പൗലൊസിനുണ്ടായ പ്രത്യേക വെളിപ്പാടുകളോടുകൂടെ തനിക്കു ഉറപ്പിച്ചുകിട്ടുകയും താൻ പ്രത്യേക സാക്ഷിയായി അതിനുവേണ്ടി നിൽക്കുകയും ചെയ്തു. അതിനാൽ എന്റെ സുവിശേഷം എന്നു പൗലോസപ്പോസ്തലൻ പറയുന്നു. (റോമർ 2:16).

**3. നിത്യസുവിശേഷം :** എക്കാലത്തേയ്ക്കും ഉള്ളത് എന്നാണിതിന്റെ അർത്ഥം. മഹാപീഡനകാലത്തു ദൈവദൂതൻ മുഖാന്തരം പ്രഖ്യാപിക്കപ്പെടും. ദൈവത്തിന്റെ പരമാധികാരം സമ്മതിക്കുകയും ദൈവത്തിന്റെ ന്യായവിധി വരുന്നതിനാൽ ദൈവത്തെ ഭയപ്പെടുകയും ശരണത്തിനായി അവന്റെ മുമ്പിൽ നമസ്ക്കരിക്കുകയും ചെയ്ക എന്നുള്ളതാണ്. യെശ 61–ൽ കർത്താവ് വന്നതിന്റെ ഉദ്ദേശ്യം പറയപ്പെടുന്നു. പക്ഷേ, അതിൽ പ്രസാദവർഷം മാത്രമേ താൻ അന്ന് പ്രസ്താവിച്ചുള്ളൂ. ദൈവത്തിന്റെ പ്രതികാരദിവസം താൻ ദൂതൻ മുഖാന്തരം സർവ്വജനത്തോടും പറയുകയാണ്.

ദൂതൻ പറയുന്നതു നിത്യസുവിശേഷമാണ്. അതിന്റെ ഉള്ളടക്കവും അവിടെ തന്നിട്ടുണ്ട്. മൂന്നു കാര്യങ്ങൾ കാണാം. 1. ദൈവത്തെ ഭയപ്പെട്ടു മഹത്വം കൊടുക്കുക.

2. ന്യായവിധിയുടെ സമയം വന്നു. 3. ദൈവത്തെ നമസ്ക്കരിക്കുക. ഇതാണു നിത്യസുവിശേഷം. ഇവിടെ ന്യായവിധി എന്നു പയുന്നത് ഒന്നാമത് മഹാപീഡനകാല ശിക്ഷയെ കാണിക്കുന്നു. അതോടൊപ്പം അവർക്ക് അന്ത്യന്യായവിധിയും ഉണ്ട്. അതിന്റെ മുന്നറിയിപ്പും നൽകുന്നു. അത് ആദാം മുതലുള്ള എല്ലാവർക്കും കൊടുക്കുന്ന മുന്നറിയിപ്പും ആണ്. (യൂദാ 14,15). അങ്ങനെ മനുഷ്യോല്പത്തി മുതൽ നിത്യതയോളം നിലനില്ക്കുന്ന പ്രഖ്യാപനമായതിനാലാണ് ഇതിനു നിത്യസുവിശേഷം എന്നുപേരു കൊടുത്തിരിക്കുന്നത്. സത്യദൈവത്തെ ഭയപ്പെട്ട് അവനെ നമസ്കരിച്ചു സേവിക്കുന്നവന്, ദൈവം ക്രൂശിന്റെ പ്രകാശം ഏതു പ്രകാരമെങ്കിലും നൽകുകയും അവനെ രക്ഷയ്ക്കു പങ്കാളിയാക്കി തീർക്കുകയും ചെയ്യും. അങ്ങനെ മഹാപീഡനകാല രക്ഷിതഗണം, എണ്ണികൂടാത്ത പുരുഷാരം മുമ്പോട്ടു വരും. (വെളി 7:9).

**4. വേറൊരു സുവിശേഷം :** ഗലാത്യർക്കു വേറൊരു സുവിശേഷം കൊടുക്കപ്പെട്ടതായി പറയുന്നു. എന്നുവെച്ചാൽ, സുവിശേഷസത്യത്തിനു ഘടകവിരുദ്ധമായുള്ള ഒരു പഠിപ്പിക്കൽ (ഗലാ 1:6). അതു സുവിശേഷമേ അല്ല. സുവിശേഷത്തിനെതിരായ പൈശാചികോപദേശം അഥവാ ദുരുപദേശം ആണ്.

ഇന്നു നാം കാണുകയും കേൾക്കുകയും ചെയ്യുന്ന സുവിശേഷങ്ങൾ ഏതാണെന്നും ഈ യുഗത്തിൽ പ്രസംഗിക്കുവാനും വിശ്വസിക്കുവാനും അഭ്യസിക്കുവാനും ദൈവം നൽകിയിരിക്കുന്നത് കൃപയുടെ സുവിശേഷം മാത്രമെന്നറിഞ്ഞ് ഈ സുവിശേഷത്തിന്റെ പങ്കാളികളാകാൻ ദൈവം ഏവരെയും സഹായിക്കട്ടെ.


## ONLINE BANKING

If you want send your gift contributions through NET Transfer we give the A/C details for your ready reference:

**A/c Name : Dr. M.G.E.PUSHPARAJ**

**<u>Overseas Doners:</u>**

**1).Bank Name : <u>State Bank of India</u> Srirangapalayam Branch - SALEM -1970**

**A/c No. 10764116842, Swift code: SBININBB637**

**<u>India Doners:</u>**

**IFSC CODE : SBIN0001970- A/c No.10764116842**

2) **Bank Name: <u>CANARA BANK,</u> Suramangalam Branch - 1219**

**<u>Overseas Doners:</u>**

**SWIFT CODE: CNRBINBBSLM - A/c No. 1219101013622**

**<u>India Doners:</u>**

**IFSC CODE : CNRB0001219 - A/c No. 1219101013622, MICR CODE: 636015005**

# FOREIGN SPIRITUAL CONVENTION

1). **രാജ്യം :** കുവൈറ്റ് **സ്ഥലം :** St.Johns Tamil CSI Church **ദിവസം :** 2018 ഏപ്രിൽ 26, 27, 28 തിങ്കൾ

**കൂടുതൽ വിവരങ്ങൾക്ക്** : Mr.Selvin Muthunayagam, CSI Secretary, Ph: O7965 99840794

2). **രാജ്യം:** Swisserland - **സ്ഥലം :** 2018 May 1,2 & 3 - കൂടുതൽ വിവരങ്ങൾക്ക്: Mrs.RitaSchmitz, Mobile: 0763853103

3). **രാജ്യം:** St.Gallen(Swiss) - **സ്ഥലം :** 2018 May 4,5 & 6 - കൂടുതൽ വിവരങ്ങൾക്ക്: Bro.David - Mobile: 0796481276

4). **രാജ്യം:** Germany(Hermann Albert STR) - **സ്ഥലം :** 2018 May 10,11,12 & 13 - കൂടുതൽ വിവരങ്ങൾക്ക്: Mr.Dominic, Mobile: 0211287991

5). **രാജ്യം:** Italy(Roma) - **സ്ഥലം :** 2018 May 17,18 & 19 - കൂടുതൽ വിവരങ്ങൾക്ക്: Bro.Aruldas, Mobile: 03299636573

കുവൈറ്റിലെ മലയാളികളായ വിശ്വാസികൾ എന്ന നേരിൽ കാണാൻ ആഗ്രഹിച്ചാൽ മേൽക്കാണിച്ച നമ്പരിൽ വിളിച്ച് അപ്പോയ്മെന്റ് വാങ്ങിയശേഷം വരാൻ അഭ്യർത്ഥിക്കുന്നു.

ബഹറിൻ, ദുബായ്, ഷാർജ, അബുദാബി, മസ്ക്കറ്റ്, ദോഹ (ഖത്തർ) എന്നീ സ്ഥലങ്ങളിലുള്ളവർ യോഗങ്ങൾ ക്രമീകരിക്കുവാൻ താല്പര്യപ്പെടുന്നുവെങ്കിൽ 2018 ഫെബ്രുവരി 2–ാം ആഴ്ചയ്ക്കു മുമ്പായി എന്നെ അറിയിക്കുക. അത് സമയങ്ങൾ ക്രമീകരിക്കുവാൻ സൗകര്യമുണ്ടായിരിക്കും. പ്രാർത്ഥിക്കു. എന്റെ ഇ–മെയിൽ ഐ.ഡി. jamakaran@yahoo.com.

**MARCH 2018**

# Printed Book (Periodical)

**RNI Reg. No. TNBIL/2016/70171**

**Annual Subscription:**
**India - Rs.60/**
**Foreign - Rs.600/**

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

Printed at P.M.Press,168,Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.